# PREFACE

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***V.K. BABU PRAKASH,***
***SECRETARY,***
***KERALA LEGISLATIVE ASSEMBLY.***

# CONTENTS

VOL. XLVIII June 2018 No. 06


| | | *page* |
|---|---|---|
| | **ARTICLES** | |
| ടി.എൻ. അശോക് | ഇന്ത്യയിലെ നികുതി പരിഷ്കരണം [യോജന, ജൂൺ, 2018] | 1-12 |
| ഡോ.കെ.വി.ജോസഫ് | മലയാളിയുടെ കുടിയേറ്റ ചരിത്രം [സമകാലിക മലയാളം, 25 ജൂൺ, 2018] | 13-30 |
| V. Mohan Rao | Insolvency and Bankruptcy Code [Southern Economist, 15 June, 2018] | 31-40 |
| Alok Prasanna Kumar | Reforming the Office of the Governor [Economic & Political Weekly, 23 June, 2018] | 41-45 |
| | **BOOK REVIEW** | |
| Shreeshan Venkatesh | Ganga's ebbs and flows "River of Life, River of Death : The Ganges and India's Future :" written by Victor Mallet [Down To Earth, June, 2018 ] | 46-47 |
| | **LEGISLATIVE BUSINESS** | |
| | Resume of Business - 14th Session of the 15th Punjab Legislative Assembly | 48-51 |



# ഇന്ത്യയിലെ നികുതി പരിഷ്ക്കരണം

**ടി. എൻ. അശോക്**

വികസിച്ചുവരുന്ന ഏതൊരു സമ്പദ്വ്യവസ്ഥയ്ക്കും രാജ്യത്തിനകത്തു നിന്നും പുറത്തുനിന്നുമുള്ള നിക്ഷേപങ്ങൾ ആവശ്യമാണ്. ഇത്തരം നിക്ഷേപങ്ങൾ എളുപ്പമാകണമെങ്കിൽ, ഉല്പാദന രംഗത്തേക്ക് ഇറങ്ങുവാൻ നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്ന, മികച്ച, സുതാര്യമായ, വിവേചനരഹിതമായ ഒരു നികുതി സമ്പ്രദായവും അനിവാര്യമാണ്.

ഇത് ലോകമെമ്പാടും തിരിച്ചറിഞ്ഞ വസ്തുതയാണ്. അമേരിക്കയേയും ആസ്ട്രേലിയയേയും പോലുള്ള വികസിത സമ്പദ്വ്യവസ്ഥകൾ പുരോഗമനാത്മകമായ നികുതി സംവിധാനങ്ങൾ സ്വീകരിച്ചുകഴിഞ്ഞു. ഇന്ത്യയിലും സ്ഥിതി മറിച്ചല്ല. നികുതി ഘടനയെ വിപുലപ്പെടുത്തുന്ന, ഏകീകരിക്കുന്ന പരിഷ്ക്കാരങ്ങളിൽ ഗവൺമെന്റ് ശ്രദ്ധ ചെലുത്തുന്നുണ്ട്.

ഇന്ത്യൻ നികുതി സമ്പ്രദായത്തെക്കുറിച്ചുള്ള പല ഗവേഷണ പ്രബന്ധങ്ങളും വ്യക്തമാക്കുന്ന ഒരു കാര്യം, സങ്കുചിതവും സങ്കീർണ്ണവുമായ രീതിയിൽ നിന്നും കൂടുതൽ കാര്യക്ഷമമായ ശൈലിയിലേക്ക് ഇന്ത്യയുടെ നികുതി സമ്പ്രദായം വളർന്നിരിക്കുന്നു എന്നതാണ്. വർഷങ്ങളായുള്ള ഈ പരിഷ്ക്കരണ പദ്ധതികളിൽ പ്രധാനമായും ഊന്നൽ നൽകിയിരുന്നത്, ആദായനികുതി ശേഖരണം മെച്ചപ്പെടുത്തി സങ്കീർണ്ണതകൾ ലഘൂകരിക്കുക എന്നതിനായിരുന്നു. നികുതി വ്യവസ്ഥയിലെ ആദ്യ പരിവർത്തനങ്ങളിലൊന്ന് സംസ്ഥാനതല വിൽപന നികുതിയെ മൂല്യ വർദ്ധിത നികുതി (VAT) ആക്കി മാറ്റി എന്നതായിരുന്നു. ഇത് വലിയ ഓഹരികൾ ടാക്സ് അഡ്മിനിസ്ട്രേഷന് നേടിക്കൊടുത്തു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസിയിലെ പ്രൊഫസർ ഗോവിന്ദ മറപ്പള്ളി റാവുവിനെപ്പോലുള്ള വിചക്ഷണരുടെ ഗവേഷണ പ്രബന്ധങ്ങൾ നൽകുന്ന ഉൾക്കാഴ്ചകളാണ് ഈ ലേഖനത്തിൽ ചേർത്തിരിക്കുന്നത്.

നികുതി പരിഷ്കരണങ്ങൾ ശരിയായ ദിശയിലാണെന്ന് വിദഗ്ധർ അഭിപ്രായപ്പെടുമ്പോൾത്തന്നെ, നികുതി വ്യവസ്ഥയെ വിശാലവും



ഉല്പാദനക്ഷമവും കാര്യക്ഷമവുമാക്കുവാൻ ഇനിയും പലതും ചെയ്യേണ്ടതുണ്ടെന്ന് ഓർക്കണം. വ്യക്തിഗത ആദായനികുതി ഇപ്പോഴും സങ്കുചിതമായി തുടരുന്നു. വില്പനനികുതിയിലെ പരിഷ്ക്കാരങ്ങൾ തുടങ്ങിയിട്ടേയുള്ളൂ. ചെറുകിട VAT ലക്ഷ്യമാക്കി ഇനിയും മുന്നോട്ടുപോകുവാനുണ്ട്. ഭാവിയിലെ പരിവർത്തനങ്ങൾക്കാവശ്യമായ അടിത്തറ വർദ്ധിത ആദായനികുതിയിലൂടെ സാധ്യമാകുമെന്നാണ് ടാക്സ് അഡ്മിനിസ്ട്രേഷന്റെ വിലയിരുത്തൽ. രാജ്യത്തിനകത്തു നിന്നും പുറത്തുനിന്നും നിക്ഷേപകരെ ആകർഷിക്കുന്നതിന്റെ ഭാഗമായി 1990-കളുടെ തുടക്കത്തിലാണ് ഇന്ത്യ, ഇത്തരം സാമ്പത്തിക വിപ്ലവങ്ങൾ ആരംഭിച്ചത്.

**മാറുന്ന നികുതി നയങ്ങൾ**

ഇന്ത്യയിലെ പ്രധാന കേന്ദ്രനികുതിഘടനയെ 1991-ന് മുമ്പുള്ള ഘടനയുമായി താരതമ്യം ചെയ്താൽ വ്യക്തമാകുന്ന ഒന്നാണ് അന്താരാഷ്ട്ര പ്രവണതകൾക്ക് അനുസൃതമായി ആദായം, എക്സൈസ്, കച്ചവട നികുതി നിരക്കുകളിൽ ഗണ്യമായ മാറ്റം വന്നിരിക്കുന്നു എന്നത്.

അതോടൊപ്പം തന്നെ, സംസ്ഥാനങ്ങൾ തങ്ങളുടെ വില്പന നികുതി നിരക്കുകൾ സമന്വയിപ്പിക്കാൻ ശ്രമിക്കുകയും അതിന്റെ ഭാഗമായി 2005 ഏപ്രിൽ 1-ന് മൂല്യവർദ്ധിത നികുതി (VAT) ആവിഷ്ക്കരിക്കുകയും ചെയ്തു. ഒരുപക്ഷേ, ഇന്ത്യ റിപ്പബ്ലിക് ആയതിനുശേഷം നടക്കുന്ന പ്രധാന ദേശീയ നികുതി വിപ്ലവം ആയിരിക്കാം ഇത്.

1991-ന് മുമ്പ് ഇന്ത്യയിലെ നികുതി സമ്പ്രദായമാകെ കാര്യക്ഷമമല്ലാത്തതും അസമത്വം നിറഞ്ഞതും ആയിരുന്നു. അന്താരാഷ്ട്ര നിലവാരമനുസരിച്ച് നോക്കിയാൽ ആദായ നികുതി നിരക്ക് വളരെ ഉയർന്നതായിരുന്നു, കേന്ദ്ര തലത്തിൽ VAT ഉണ്ടായിരുന്നില്ല. 1980-കളുടെ മധ്യത്തോടെ മാത്രമാണ് തെരഞ്ഞെടുത്ത ചില ഘടകങ്ങളിലെങ്കിലും VAT നടപ്പിലാക്കിയത്. ഉപഭോക്തൃ നികുതി നിരക്ക് സങ്കുചിതമായിരുന്നു. നികുതി ഘടനയിൽ നിന്നും സേവനങ്ങൾ ഒഴിവാക്കപ്പെട്ടിരുന്നു. കസ്റ്റംസ് തീരുവകൾ വളരെ ഉയർന്നതായിരുന്നു; സങ്കീർണ്ണമായ ഇളവുകളും അനുവദിച്ചിരുന്നു. പരമ്പരാഗത കയറ്റുമതിയിൽ



അന്താരാഷ്ട്ര മത്സരങ്ങൾ കുറയ്ക്കുന്നതിന്, തെരഞ്ഞെടുത്ത ഉത്പന്നങ്ങളിന്മേൽ നൽകിയ കയറ്റുമതി തീരുവകൾ സഹായകമായി. ഈ സാഹചര്യങ്ങളാണ് ഇന്ത്യൻ നികുതി ഘടനയിൽ വന്ന മാറ്റങ്ങളെ പരിഷ്ക്കരിച്ച് കാര്യക്ഷമമാക്കുവാനും ഏകീകരിക്കുവാനും പ്രേരകമായതെന്ന് വിദഗ്ധർ പറയുന്നു.

നികുതിദായക ഘടനയിലെ അപര്യാപ്തമായ വിപുലീകരണം നിരക്കു കുറയുന്നതിനും അതുവഴി നികുതി നഷ്ടത്തിനും കാരണമായി. ഇത് മറികടക്കുവാൻ ഗവൺമെന്റിന് സാധിച്ചില്ല എന്നതും തിരിച്ചടിയായി. 1994 മുതൽ ശേഖരിച്ചിരുന്നതിനേക്കാൾ, കേന്ദ്ര ഗവൺമെന്റിന്റെ നികുതി വരുമാനം മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ (GDP) ഒരു ശതമാനം കുറഞ്ഞു. ആദായനികുതി വരുമാനത്തിലുണ്ടായ വർദ്ധനവ്, എക്സൈസ്, കസ്റ്റംസ് വരുമാന നഷ്ടങ്ങളെ നികത്തുവാനുതകുന്നതായിരുന്നില്ല. കേന്ദ്ര നികുതി നിരക്കുകൾ കുറയ്ക്കുന്ന തിനുപകരം, ചില കാലംചെന്ന ഇളവു വ്യവസ്ഥകൾ പുനഃക്രമീകരിക്കുകയും പുതിയ ആനുകൂല്യങ്ങൾ ഉൾച്ചേർക്കുകയുമാണ് ചെയ്തതെന്നും ഗവേഷണങ്ങൾ അഭിപ്രായപ്പെടുന്നു.

**ഇന്ത്യൻ-വിദേശ കമ്പനികളുടെ കോർപ്പറേറ്റ് നികുതി**

| | *1990-91* | *1992-93* | *1995-1996* | *1997-1998* | *2001-2002* | *2004-2005* |
|---|---|---|---|---|---|---|
| ആഭ്യന്തര കമ്പനി | 50 | 45 | 40 | 35 | 35 | 35 |
| വിദേശ കമ്പനി | 65 | 65 | 55 | 48 | 45 | 40 |
| (അവലംബം : ധനകാര്യ മന്ത്രാലയം) | | | | | | |

**കേന്ദ്ര നികുതി ഘടനയിലെ മാറ്റങ്ങൾ**

**ആദായനികുതി**

ഇന്ത്യ സാമ്പത്തിക വിപ്ലവങ്ങൾക്ക് തുടക്കം കുറിച്ച കാലത്ത്, 1990-കളുടെ മധ്യത്തിൽത്തന്നെ, പല വികസിത രാജ്യങ്ങളും സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ ഫലമായി ഉണർന്നു ചിന്തിക്കുകയും കുറഞ്ഞ വ്യക്തിഗത ആദായ നികുതി നിരക്ക്



15,25,35 എന്നിങ്ങനെയായി നിജപ്പെടുത്തുകയും ചെയ്തിരുന്നു. 1997-98-ഓടെ ഇന്ത്യയും 10,20,30 ശതമാനം എന്ന നിരക്കിൽ എത്തിച്ചേർന്നു. കിഴക്കനേഷ്യ, ലാറ്റിനമേരിക്ക തുടങ്ങിയ വികസ്വര രാജ്യങ്ങളിലാകെ കോർപ്പറേറ്റ് നികുതി നിരക്ക് കുറഞ്ഞു. കോർപ്പറേറ്റ് നികുതി നിരക്കിൽ വന്ന ഇടിവ്, ഒരു പരിധിവരെ പ്രായോഗിക ടാക്സ് അഡ്മിനിസ്ട്രേഷനിലേക്കും മെച്ചപ്പെട്ട നികുതി നിർണ്ണയ ത്തിലേക്കും എത്താൻ സഹായകമായി. ആഗോളവൽക്കരണവും മൂലധനത്തി നുവേണ്ടിയുള്ള അന്താരാഷ്ട്ര മുന്നേറ്റങ്ങളും പ്രേരകശക്തിയായി നിലകൊണ്ടു. ഇന്ത്യയിലെ, ആഭ്യന്തര-വൈദേശിക കമ്പനികളുടെ കോർപ്പറേറ്റ് നികുതി നിരക്ക്, ക്രമത്തിൽ 35 ശതമാനവും 40 ശതമാനവുമായി കുറച്ചു.

**സെൻട്രൽ എക്സൈസസ് ആൻഡ് കസ്റ്റംസ്**

സെൻട്രൽ എക്സൈസ് മുഖ്യമായും VAT ആയാണ് പ്രവർത്തിക്കുന്നത്. രണ്ട് പതിറ്റാണ്ടുകൾക്ക് മുമ്പ് 1986-87 കാലയളവിൽ പ്രത്യേക ചരക്കുകളുടെ ഉല്പാദനത്തിനാവശ്യമായി തെരഞ്ഞെടുക്കപ്പെട്ട അസംസ്കൃത വസ്തുക്കൾക്കുള്ള വായ്പാ രീതി എന്ന നിലയിലാണ് ചെറിയ രൂപത്തിൽ VAT തുടങ്ങിയത്. 1994-1995 കാലഘട്ടത്തിൽ മൂലധന ഉല്പന്നങ്ങൾ ക്രെഡിറ്റബിളായി. ഇന്നത്തെ VAT പോലെയുള്ള ആ ഘടനയ്ക്ക് MODVAT (Modified VAT) എന്ന് നാമം നൽകി. തുടർന്നുണ്ടായ പരിശ്രമങ്ങളുടെ ഭാഗമായി 2001-ൽ പ്രധാന നിരക്കുകൾ 8-16 ശതമാനമായി കുറയുകയും അതിനെ Central VAT അഥവാ CENVAT എന്ന് വിളിക്കുകയും ചെയ്തു.

**ടാക്സ് അഡ്മിനിസ്ട്രേഷൻ**

പുതിയ നികുതിനയ പരിഷ്ക്കരണങ്ങൾ വിജയകരമാകണമെങ്കിൽ മൂന്നു കാര്യങ്ങൾ ശ്രദ്ധിക്കണം. നികുതിദായക ഘടന വിപുലപ്പെടുത്തുക, കമ്പ്യൂട്ടർ വൽക്കരണം വ്യാപകമാക്കുക, സംസ്ഥാന തലത്തിലുള്ള VAT നടപ്പിലാക്കുക എന്നിവയാണവ. കേന്ദ്ര ടാക്സ് അഡ്മിനിസ്ട്രേഷന്റെ ശ്രദ്ധേയമായ നേട്ടങ്ങളിലൊന്ന് നികുതിദായക ശൃംഖല വികസിപ്പിക്കാനായി എന്നതാണ്. 1990-കളുടെ മധ്യത്തിൽ 14 ദശലക്ഷം നികുതിദായകരുണ്ടെന്നാണ്



കണക്കാക്കിയിരുന്നത്. നികുതിദായക ഘടനയുടെ ഏകദേശ കണക്കുകൾ കാണിക്കുന്നത്, ഒരു ബില്യൻ വരുന്ന ആകെ ജനസംഖ്യയിൽ നികുതിദായക സംഖ്യ 300 ദശലക്ഷമാണെന്നാണ്. 5 പേരടങ്ങുന്ന ശരാശരി കുടുംബങ്ങൾ 60 ദശലക്ഷം നികുതിദായകരെ ഉൾക്കൊള്ളുന്നു. ഇതിൽ നിന്നും 10 ദശലക്ഷം കർഷക കുടുംബങ്ങളെ ഒഴിവാക്കിയാൽ 50 ദശലക്ഷമായി കുറയും. ചുരുക്കത്തിൽ, അർഹരായ 20% മാത്രമാണ് നികുതി ശൃംഖലയിൽ വരുന്നത്.

1990-കളുടെ ഉത്തരാർദ്ധം ആയപ്പോൾ സ്വമേധയാ ഉള്ള വരുമാന വെളിപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായി, വ്യക്തിഗത വരുമാനമുള്ളവർ - സ്വന്തോ ടെലിഫോണോ സ്വന്തമായുള്ളവർ, വിദേശയാത്ര നടത്തുന്നവർ - അവരുടെ വരുമാനം നികുതിയിനത്തിൽ കുറവാണെങ്കിലും രജിസ്റ്റർ ചെയ്യണമെന്നു വന്നു.

കൂടുതൽ വ്യക്തികൾ രജിസ്റ്റർ ചെയ്യേണ്ടതുള്ളതിനാൽ നികുതിയടവിന്റെ സവിശേഷതകൾ സമയബന്ധിതമായി വികസിപ്പിച്ചു. 2000-ഓടെ നികുതിദായക രജിസ്റ്റർ 20 ദശലക്ഷത്തിനും മുകളിലേക്ക് ഉയർന്നു. താരതമ്യേന ചുരുങ്ങിയ കാലം കൊണ്ട് നികുതിദായകരുടെ എണ്ണം ഇരട്ടിയായി. പതിറ്റാണ്ടുകളായി നേടാനാകാത്ത ലക്ഷ്യമാണ് സാധിച്ചതെന്ന് ഗവേഷണങ്ങൾ പറയുന്നു. 2005-ൽ ഇത് 30 ദശലക്ഷമായി.

യഥാർത്ഥത്തിൽ നികുതി പരിഷ്ക്കരണ ശ്രമങ്ങൾ 1980-കളുടെ മധ്യത്തോടെ തന്നെ ആരംഭിച്ചിരുന്നു. 1985-ലെ ലോംങ് ടേം ഫിസ്കൽ പോളിസിയുടെ പ്രഖ്യാപനത്തോടെ രാജ്യത്തിന്റെ സാമ്പത്തിക നില താഴേക്ക് പതിക്കുകയാണെന്ന് ഈ നയം തിരിച്ചറിഞ്ഞു. കേന്ദ്ര എക്സൈസ് തീരുവകൾ അവലോകനം ചെയ്യുന്നതിനും ഏകീകരിക്കുന്നതിനും വേണ്ടി, ആ ദശകത്തിൽത്തന്നെ, ഒരു സാങ്കേതിക സമിതിയെ നിയമിച്ചു. ഇതിന്റെ ഫലമായാണ് 1986-ലെ പരിഷ്ക്കരിച്ച മൂല്യവർദ്ധിത നികുതി (Modified Value Added Tax-MODVAT) ആവിഷ്ക്കരിച്ചത്. കസ്റ്റംസ് തീരുവകൾ നീതീകരിക്കുന്നതിന്റെ ഭാഗമായി നിരക്കുകളെ വർഗ്ഗീകരിക്കുന്നതിന് സമസ്വഭാവമുള്ള സമ്പ്രദായവും (harmonized system - HS) നടപ്പിലാക്കിയതായി ഗവേഷണങ്ങൾ പറയുന്നു.



പിന്നീട്, തുടർച്ചയായി രണ്ട് കമ്മിറ്റികളെ ഗവൺമെന്റ് നിയമിച്ചു-രാജ ചെല്ലയ്യ കമ്മിറ്റിയും കെൽക്കർ കമ്മിറ്റിയും. അന്താരാഷ്ട്ര നികുതി നിരക്കുകളോടോ വ്യവസ്ഥകളോടോ ചേർന്നു നിൽക്കുന്ന വിധത്തിൽ രാജ്യത്തെ നികുതി സമ്പ്രദായത്തെ പരിഷ്ക്കരിക്കുന്നതിനുള്ള ആസൂത്രണ നടപടികൾ ആവിഷ്ക്കരിക്കുക എന്നതായിരുന്നു കമ്മിറ്റികളുടെ ചുമതല. അവരുടെ ശുപാർശകൾ ചരിത്ര പ്രാധാന്യം അർഹിക്കുന്നവയാണ്.

**രാജ ചെല്ലയ്യ കമ്മിറ്റി**

രാജ്യത്തെ നികുതി സംവിധാനത്തെ പരിഷ്ക്കരിക്കുന്നതിനായി പ്രൊഫ. രാജ ചെല്ലയ്യയുടെ നേതൃത്വത്തിൽ ഒരു നികുതി പരിഷ്ക്കരണ കമ്മിറ്റി (TRC-Tax Reforms Committee) സർക്കാർ രൂപീകരിച്ചു. 1991–ലും 1992–ലും 1993–ലും കമ്മിറ്റി ചില നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. അവ താഴെ ചേർക്കുന്നു.

1. നികുതി നിരക്കുകൾ കുറച്ചുകൊണ്ട് വ്യക്തിഗത നികുതി വ്യവസ്ഥ പരിഷ്ക്കരിക്കുക.
2. കോർപ്പറേറ്റ് നികുതി നിരക്കിൽ കുറവു വരുത്തുക.
3. കസ്റ്റംസ് തീരുവകൾ കുറച്ചുകൊണ്ട് ഇറക്കുമതി ചെയ്യപ്പെട്ട ചരക്കുകളുടെ വില നിയന്ത്രിക്കുക.
4. കസ്റ്റംസ് താരിഫ് നിരക്കുകൾ കുറയ്ക്കുകയും ഏകീകരിക്കുകയും ചെയ്യുക.
5. മൂല്യവർദ്ധിത നികുതി സംവിധാനത്തിലൂടെ എക്സൈസ് തീരുവകൾ ലഘൂകരിക്കുക.
6. സേവന മേഖലയെയും വാറ്റ് സംവിധാനത്തിന്റെ ഭാഗമാക്കുക.
7. നികുതി ഘടനയെ വിപുലീകരിക്കുക.
8. നികുതിവ്യവസ്ഥയെക്കുറിച്ചുള്ള വിവരങ്ങൾ പൊതുവിൽ ലഭ്യമാക്കുക; കമ്പ്യൂട്ടർവൽക്കരണം നടത്തുക.
9. ടാക്സ് അഡ്മിനിസ്ട്രേഷന്റെ ഗുണ നിലവാരം ഉയർത്തുക.

ചെല്ലയ്യ കമ്മിറ്റി നിർദ്ദേശിച്ച പരിഷ്കാരങ്ങൾ ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുന്നു. തുടർന്ന് 2002–ൽ ഗവൺമെന്റ് നിയമിച്ച വിജയ് കേൽക്കർ കമ്മിറ്റിയാണ് രാജ്യത്ത് പിന്നീടുള്ള നികുതി പരിഷ്കരണ നിർദ്ദേശങ്ങൾ നൽകിയത്.



**വിജയ് കേൽക്കർ കമ്മിറ്റി**

രാജ്യത്തെ പ്രത്യക്ഷ നികുതി പരിഷ്കരണങ്ങളുടെ പുതിയ പ്രേരക ശക്തിയായി നിലകൊണ്ടത് 2002-ൽ വിജയ് കേൽക്കർ അദ്ധ്യക്ഷനായി രൂപം കൊടുത്ത പ്രത്യക്ഷ-പരോക്ഷ നികുതികൾക്കായുള്ള കർമ്മസേനയാണ്. നികുതി ഇളവ് പരിധി വർദ്ധിപ്പിക്കുക, ഒഴിവാക്കപ്പെടുന്നതിന് ഏകീകൃത സ്വഭാവം നിശ്ചയിക്കുക, ദീർഘകാല മൂലധന നേട്ടത്തിന്റെ നികുതി ഒഴിവാക്കുക, സ്വത്ത് നികുതി (Wealth tax) ഒഴിവാക്കുക തുടങ്ങിയവ കമ്മിറ്റിയുടെ പ്രധാന നിർദ്ദേശങ്ങളിൽ ഉൾപ്പെടുന്നു.

**പ്രത്യക്ഷ നികുതി നയം**

നികുതിദായകർക്കുള്ള സേവനങ്ങൾ വർദ്ധിപ്പിക്കുകയും അവയുടെ ഗുണ നിലവാരം ഉയർത്തുകയും വേണം. ഇന്റർനെറ്റിലൂടെയും ഇ-മെയിലിലൂടെയും നികുതിദായകർക്ക് സേവനങ്ങളുമായി എളുപ്പത്തിൽ ബന്ധപ്പെടാനും സാധിക്കണം.

പാൻ (Permanent Account Number) സമ്പ്രദായം വിപുലീകരിക്കുകയും അത് എല്ലാ പൗരൻമാർക്കും ബാധകമാക്കുകയും വേണം.

കുടിശ്ശികകൾ ഒഴിവാക്കാനായുള്ള ഡാറ്റാ എൻട്രി ജോലികൾ വകുപ്പിന് പുറത്ത് ചെയ്യിക്കണം.

എല്ലാ നികുതി റീഫണ്ടുകളും അനുബന്ധ പ്രശ്നങ്ങളും നാലു മാസം കാലയളവ് നിശ്ചയിച്ച് പരിഹരിക്കണം.

റീഫണ്ടുകൾ നൽകുന്ന ചുമതലയും വകുപ്പിന് പുറത്തേക്ക് മാറ്റണം.

ഗവൺമെന്റ് ഒരു നികുതി വിവര ശൃംഖല രൂപീകരിക്കുകയും അതിലൂടെ TDS, TCS നികുതി ശേഖരണം തുടങ്ങിയവ ആധുനികവല്കരിക്കാനും ലഘൂകരിക്കാനും ഏകീകരിക്കാനും ശ്രമിക്കേണ്ടതാണ്.

രാജ്യത്തിന് പുറത്തു പോകുന്നതിന് നികുതി ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആവശ്യമാണെന്ന വ്യവസ്ഥ ഒഴിവാക്കുക.

അനുയോജ്യമായ ഭരണസംവിധാനത്തിലൂടെയും സാമ്പത്തിക നയങ്ങളിലൂടെയും CBDT യെ ശാക്തീകരിക്കുക.



**വ്യക്തിഗത ആദായ നികുതി**

നികുതി ഇളവിന്റെ പരിധി ഒരു ലക്ഷം രൂപയായി ഉയർത്തുക. ഇക്കാര്യത്തിൽ മുതിർന്ന പൗരന്മാർക്കും വിധവകൾക്കും പ്രത്യേക പരിഗണന നൽകുക.

ആദായ നികുതി സ്ലാബുകളെ ഏകീകരിക്കുക, വ്യക്തിഗത ആദായ നികുതിയിൽ സർചാർജ് ഒഴിവാക്കുക.

ഭവനവായ്പകൾക്ക് 2 ശതമാനം വരെ പലിശ ഇളവു നൽകി പ്രോൽസാഹിപ്പിക്കുക.

സെക്ഷൻ 80CCC പ്രകാരമുള്ള സംഭാവനകളുടെ കിഴിവ് ഉയർത്തുക.

**കോർപ്പറേറ്റ് ടാക്സ്**

ഗാർഹിക കമ്പനികളുടെ കോർപ്പറേറ്റ് ടാക്സ് 30% ആയും വിദേശ കമ്പനികളുടേത് 35% ആയും കുറയ്ക്കുക.

ഓഹരിയും മൂലധനവും അനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന കമ്പനികളെ നികുതിയിൽ നിന്നും ഒഴിവാക്കുക.

മിനിമം ആൾട്ടർനേറ്റ് നികുതി ഒഴിവാക്കുക.

**സ്വത്ത് നികുതി (Wealth Tax)**

സ്വത്ത് നികുതി ഒഴിവാക്കുക.

13 വർഷങ്ങൾക്കുമുമ്പാണ് മേൽപ്പറഞ്ഞ ശുപാർശകൾ വന്നത്. ഇവയിൽ പലതും ഇന്ന് നടപ്പാക്കിക്കഴിഞ്ഞു. പ്രത്യക്ഷ-പരോക്ഷ നികുതി സംവിധാനത്തിൽ ഗവൺമെന്റിന്റെ ഏറ്റവും വലിയ വിപ്ലവങ്ങളായി DTC യും GST യും. ഏതായാലും DTC പ്രാവർത്തികമായിട്ടില്ല. അതിലെ പല നയങ്ങളും ആദായ നികുതി നിയമത്തോട് ബന്ധപ്പെട്ടുള്ളതുതന്നെ ആകയാൽ ഗവൺമെന്റ് അതിൽ അധികം ശ്രദ്ധയൂന്നുന്നില്ല. 2017 ജൂലൈ 1-ന് GST നിലവിൽ വന്നു.

**പ്രത്യക്ഷ നികുതി പരിഷ്ക്കാരങ്ങൾ**

**നികുതി വിജ്ഞാന ശൃംഖല**

ആദായ നികുതി വകുപ്പിനുവേണ്ടി ദേശീയ സെക്യൂരിറ്റീസ് ഡെപ്പോസിറ്റ് ലിമിറ്റഡ് (NSDL) ആണ് നികുതി വിജ്ഞാന ശൃംഖല (Tax Information Network [TIN]) രൂപീകരിച്ചത്. നികുതി സംബന്ധമായ വിവരങ്ങൾ രാജ്യവ്യാപകമായി ലഭ്യമാക്കുന്നതിനുള്ള ഉറവിടമാണിത്. സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രത്യക്ഷ നികുതിയുടെ ശേഖരണവും ഇതര നടപടികളും ആധുനികവൽക്കരിക്കുക



എന്നതായിരുന്നു TIN രൂപീകരണത്തിന്റെ ലക്ഷ്യം. TIN ന് മൂന്ന് ഉപ വിഭാഗങ്ങളുണ്ട്. ERACS, OLTAS, CPLGS എന്നിവയാണ് അവ.

**Electronic Return Acceptance and Consolidation System (ERACS)**

TIN ഫെസിലിറ്റേഷൻ സെന്ററുകൾ (TIN-FC) മുഖാന്തരം നികുതി ദായകരുമായി ബന്ധപ്പെടുക, ഇന്റർനെറ്റിന്റെ സഹായത്തോടെ Tax Deduction at Source (TDS) ന്റെയും, Tax collection at Source (TCS) ന്റെയും ഇലക്ട്രോണിക് റിട്ടേണുകളും Annual Information Return-കളും TIN സംവിധാനത്തിന്റെ കേന്ദ്രത്തിലെത്തിക്കുക എന്നിവയാണ് ERACS-ന്റെ പ്രവർത്തനങ്ങൾ.

**Online Tax Accounting System (OLTAS)**

ഓരോ ദിവസവും രാജ്യത്തെ വിവിധ നികുതി ശേഖരണ കേന്ദ്രങ്ങളിൽ നിക്ഷേപിക്കപ്പെടുന്ന നികുതിയുടെ വിവരങ്ങൾ സെൻട്രൽ സിസ്റ്റത്തിലേക്ക് അപ്‌ലോഡ് ചെയ്യുന്നതിനാണ് OLTAS ഉപയോഗിക്കുന്നത്.

**Central PAN Ledger Generation System (CPLG)**

TDS-ന്റെയും TCS-ന്റെയും ദിവസവും മുൻകൂർ നികുതിയുടെയും വിശദാംശങ്ങളെ PAN കാർഡിനോട് കൂട്ടിച്ചേർക്കുവാനുള്ള സെൻട്രൽ സിസ്റ്റമാണിത്.

**e-TDS & e-TCS**

TDS (Tax Deduction at Source) എന്നാൽ നികുതി കിഴിവ് ഉറവിടത്തിൽ തന്നെ പരാമർശിക്കുക എന്നതാണ്. തേഡ് പാർട്ടീസ് സോഴ്സിൽത്തന്നെ നികുതി പിടിക്കുകയും പിന്നീടത് മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള ബാങ്ക് ശാഖകളിൽ നിക്ഷേപിക്കുകയുമാണ് ചെയ്യുന്നത്. 2004-2005 കാലയളവു മുതൽ TDS റിട്ടേണുകൾ ഇലക്ട്രാണിക് ആയി രേഖപ്പെടുത്തണമെന്നത് നിർബന്ധിതമാക്കിയിരിക്കുകയാണ്. കൂടാതെ, ആദായ നികുതി നിയമം 1961 അനുസരിച്ച് വിൽപ്പനക്കാരൻ വാങ്ങുന്നയാളിൽ നിന്നും സോഴ്സിൽത്തന്നെ നികുതി ശേഖരിച്ചിട്ടുണ്ടെങ്കിൽ TCS (Tax Collection at Source) എന്ന് അതിനെ വിളിക്കും. ഇലക്ട്രോണിക് ഫയലിങ്ങ് ഓഫ് റിട്ടേൺസ് ഓഫ് ടാക്സ് കളക്ടഡ് അറ്റ് സോഴ്സ് സ്കീം - 2005 പദ്ധതി പ്രകാരം കോർപ്പറേറ്റുകൾക്കും ഗവൺമെന്റ് ഡിഡക്ടേഴ്സിനും നേരിട്ടോ ഇലക്ട്രോണിക്കായോ NSDL-ൽ പണം അടയ്ക്കാം.



**പ്രത്യക്ഷ നികുതിയിലെ ഇതര സംഭവങ്ങൾ**

ഇ-സഹ്യോഗ് സംരംഭം (eSahuog initiative): കടലാസ് രഹിത വിലയിരുത്തൽ (Paperless Assessment).

വിവര സാങ്കേതിക വിദ്യ നികുതിദാതാക്കളുടെ ജോലി എളുപ്പമാക്കി. കാരണം, ബാങ്കിൽ ചെല്ലാനുകൾ അടയ്ക്കാനും രേഖകൾ പരിശോധകർക്ക് മുന്നിൽ എത്തിക്കാനും, നേരിട്ടു പോകേണ്ട ആവശ്യം ഇപ്പോൾ ഇല്ലാതെയായി. നടപടിക്രമങ്ങൾ കൂടുതൽ ലളിതമാക്കുന്നതിന്, പേപ്പറുകൾ ഒഴിവാക്കി ഇ-മെയിലിലൂടെയുള്ള പരിശോധന എന്ന നവപദ്ധതി CBDT മുന്നോട്ടു വച്ചിട്ടുണ്ട്. ചെറിയ തുകകളുടെ ആവശ്യങ്ങൾക്കുവേണ്ടി ആദായ നികുതി ഓഫീസിൽ നേരിട്ടു ചെല്ലേണ്ടുന്ന അവസ്ഥ ഇതോടെ ഒഴിവാക്കാം. ഇതു ലക്ഷ്യമാക്കിക്കൊണ്ടുള്ള പൈലറ്റ് പ്രോജക്ടുകൾ മുംബൈ, ഡൽഹി, ചെന്നൈ, ബാഗ്ളൂർ, അഹമ്മദാബാദ് എന്നിവടങ്ങളിൽ ആരംഭിച്ചിട്ടുണ്ട്.

**സേവോത്തം (**Sevottam**): കാര്യക്ഷമമായ പരാതി പരിഹാരം**

മന്ദഗതിയിലുള്ള പരാതി പരിഹാര സംവിധാനത്തിന് ഉണർവ്വേകാൻ രാജ്യത്തെ എല്ലാ ആദായ നികുതി ഓഫീസുകളെയും ബന്ധിപ്പിക്കുന്ന ‘Sevottam’ എന്ന പ്ലാറ്റ്ഫോം നികുതി വകുപ്പ് ഉപയോഗിക്കുന്നു. അന്വേഷണങ്ങൾക്കും പരാതികൾക്കും തത്സമയം പരിഹാരം കാണുക എന്നതാണ് ഇതിനു പിന്നിലെ ആശയം.

**തിരിച്ചടവുകൾ വേഗത്തിൽ**

നടപടികൾ പൂർത്തീകരിച്ച് 10 പ്രവൃത്തി ദിവസത്തിനുള്ളിൽ നികുതി റീ ഫണ്ടുകൾ നൽകുന്നതിലേക്കായുള്ള പ്രവർത്തനങ്ങളിലാണ് ആദായ നികുതി വകുപ്പ്. ആധാർ അല്ലെങ്കിൽ ബാങ്ക് ഡാറ്റാ ബേസ് ഉപയോഗിച്ച് ആദായ നികുതി റിട്ടേണുകളെ (ITR) പരിശോധിക്കുന്നതിനുള്ള മുൻകരുതൽ എടുത്തിട്ടുണ്ട്.

**മുൻകൂർ പൂരിപ്പിച്ച** ITR **ഫോമുകൾ**

ഓൺലൈൻ ഫോമുകൾ ഉണ്ടായിരുന്നിട്ടും പലരും ഇപ്പോഴും ഓഫ് ലൈനിൽ ഡൗൺലോഡ് ചെയ്തെടുക്കുന്ന ഫോമുകൾ നികുതി ആവശ്യത്തിനായി ഉപയോഗിക്കുന്നു. മുൻകൂർ പൂരിപ്പിച്ച ഫോമുകൾ, നികുതി ദാതാക്കളുടെ വിവരങ്ങളോട് ചേർത്ത് ലഭ്യമാക്കുന്ന രീതിക്കുള്ള മുന്നൊരുക്കങ്ങളും നടന്നു കൊണ്ടിരിക്കുകയാണ്.



**പാൻ ക്യാമ്പുകൾ**

പാൻ കാർഡുകൾ എല്ലാവരിലേക്കും എത്തിക്കുന്നതിന്റെ ഭാഗമായി രാജ്യത്തെമ്പാടും ഗവൺമെന്റ് പാൻ കൃമ്പുകൾ സംഘടിപ്പിക്കുന്നു. Income Tax Business Application - Permanent Account Number (ITBA -PAN) പോർട്ടൽ ആരംഭിച്ച്, അതിലൂടെ ഓൺലൈനായി പാനിന് അപേക്ഷിക്കാനും 48 മണിക്കൂറിനുള്ളിൽ അത് ലഭ്യമാക്കാനുമുള്ള നിർദ്ദേശവുമുണ്ട്.

**പരോക്ഷ നികുതി പരിഷ്കാരം**

സെൻട്രൽ എക്സൈസ് ഡ്യൂട്ടിയെ മാറ്റുന്നതിനായി, തെരഞ്ഞെടുത്ത സാധനങ്ങൾക്ക് MODVAT ഏർപ്പെടുത്തിക്കൊണ്ട് 1986-ലാണ് ആദ്യ പരോക്ഷ നികുതി പരിഷ്കാരം നടന്നത്. കേന്ദ്ര വാറ്റ് (CENVAT) സംവിധാനത്തിലൂടെ പിന്നിടത് വ്യാപിപ്പിച്ചു. സംസ്ഥാനങ്ങളും ഈ നടപടികളെ പിന്തുടർന്ന് VAT - ലൂടെ വില്പന നികുതിയെ മാറ്റി. പ്രധാന പരോക്ഷ നികുതി പരിഷ്കാരങ്ങൾ താഴെ പറയുന്നു.

**കസ്റ്റംസ് തീരുവകകളിൽ ഇളവ്:** 1990-ൽ കാർഷികേതര ഉല്പന്നങ്ങളുടെ കസ്റ്റംസ് തീരുവ 128% ആയിരുന്നു ക്രമേണ അത് കുറഞ്ഞുവന്നു. നിലവിലത് 11-12% വരെയാണ്. 0-150% എന്നതാണ് റേഞ്ച്.

**സെൻട്രൽ എക്സൈസ്:** കേന്ദ്ര എക്സൈസ് തീരുവകൾ ആദ്യം MODVAT ലേക്ക് മാറ്റി. ഇപ്പോൾ CENVAT ഉം പ്രായോഗികമാണ്. വിവിധ തരത്തിലുള്ള തീരുവകളുടെ എണ്ണവും വെട്ടി ചുരുക്കി.

**സേവന നികുതി** : 1994-95-ൽ ചില സേവനങ്ങൾക്ക് ആദ്യമായി 7% നികുതി ഏർപ്പാടാക്കി. നികുതി നൽകപ്പെടേണ്ട സേവനങ്ങളോടൊപ്പം നികുതി നിരക്കും ക്രമേണ ഉയർന്നു. ഇന്ന് നൂറോളം സേവനങ്ങൾക്ക് നാം 14% നികുതി നൽകുന്നു.

**ചരക്കു സേവന നികുതി**

രാജ്യത്തെ ഏറ്റവും വലിയ നികുതി വിപ്ലവമായിരുന്നു അഥവാ GST ചരക്കു സേവന നികുതി. തുടക്കത്തിൽ നേരിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നെങ്കിലും കേന്ദ്ര ഗവൺമെന്റ് അതിനെ ഏകീകരിക്കുകയും നികുതി ദാതാവിന് സ്വീകാര്യമാകുന്ന വിധത്തിലാക്കുകയും ചെയ്തു. ലണ്ടൻ സ്ക്കൂൾ ഓഫ് എക്കണോമിക്സിലെ വിസിറ്റിങ്ങ് പ്രൊഫസറും (2017-18) ബാംഗ്ളൂരിലെ



ഇന്റർനാഷണൽ ടാക്സ് റിസേർച്ച് ആൻഡ് അനാലിസിസ് ഫൗണ്ടേഷന്റെ (ITRAF) ചെയർമാനുമായ പ്രമുഖ സാമ്പത്തിക വിദഗ്ധൻ പാർത്ഥസാരഥി ഷോം ഇതിന് എതിർ വാദം ഉന്നയിച്ചിട്ടുണ്ട്. നിർദ്ദിഷ്ട ജി.എസ്.ടി.യുടെ ഘടന പരിശോധിച്ചാൽ, സ്വാതന്ത്ര്യാനന്തര ഇൻഡ്യയിലെ ഏറ്റവും വലിയ നികുതി പരിഷ്കാരമായി അതിനെ കണക്കാക്കുക ബുദ്ധിമുട്ടാണെന്നാണ് അദ്ദേഹത്തിന്റെ വാദം. മുൻകാലങ്ങളിൽ, 1996-97 ൽ നിരക്കു ഘടനയെ 30,20,10 ശതമാനമായി വെട്ടിക്കുറച്ചുകൊണ്ട് ആദായ നികുതിയിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തി. ഇത് തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുകയും മികച്ച ആദായം ലഭ്യമാക്കുകയും ചെയ്തു, ഒരു പതിറ്റാണ്ടിനുശേഷം, കേന്ദ്ര-സംസ്ഥാന ധനസഹകരണത്തിന്റെ മാതൃക എന്ന നിലയിൽ, സംസ്ഥാന തലത്തിൽ മൂല്യവർദ്ധിത നികുതി ആവിഷ്ക്കരിച്ചു. ഇത് മുൻകാല സംസ്ഥാനതല വിൽപന നികുതി വ്യവസ്ഥയെ മാറ്റി മറിച്ചു. വീണ്ടും ബിസിനസ്സിന് ഊർജ്ജം പകർന്നപ്പോൾ ആദായ നികുതിയുടെ വരവ് കുറഞ്ഞു.

എന്നിരുന്നാലും, ജി.എസ്.ടി.യും ഡി.റ്റി.സി.യും ഗവൺമെന്റിന്റെ ഏറ്റവും വലിയ നികുതി പരിഷ്കാരങ്ങളായി തുടരുമെന്നും ആഭ്യന്തര-വിദേശ നിക്ഷേപകർക്ക് പിന്തുടരാൻ എളുപ്പമുള്ള ഒരു വ്യവസ്ഥിതിയായിരിക്കുമെന്നും മിക്ക നികുതി വിദഗ്ധരും അഭിപ്രായപ്പെടുന്നു. ജി.എസ്.ടി.യും, ഡി.റ്റി.സി.യും ഇനിയും മുന്നോട്ടു പോകുമെന്നും അതിലൂടെ കാലക്രമത്തിൽ നികുതി വ്യവസ്ഥകൾ ലളിതമാകുമെന്നും നികുതി ഘടന വിപുലമാക്കപ്പെടുമെന്നും കണക്കാക്കപ്പെടുന്നു, ഇതിന്റെ ഫലമായി രാജ്യത്തെ ധനക്കമ്മി പരിഹരിക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ ഉണ്ടാകുമെന്നും വിദഗ്ദർ ഉറപ്പുനൽകുന്നു. ലളിതമായ നികുതി നിയമങ്ങളും മറ്റും വിദേശ നിക്ഷേപകരെ ഇന്ത്യയിലേക്ക് ആകർഷിക്കും. ഉയർന്ന ജി.ഡി.പി. വളർച്ചയും ജനതയ്ക്കു ലഭിക്കുന്ന വർദ്ധിച്ച വരുമാനവും ആത്യന്തികമായി രാജ്യത്തിനു നേട്ടമായി മാറും.

**യോജന**
**ജൂൺ 2018**

ꕥꕥꕥ

FOCUS



# മലയാളിയുടെ കുടിയേറ്റ ചരിത്രം

ഡോ. കെ. വി. ജോസഫ്

ഇന്നു മലയാളം സംസാരിക്കുന്നവരുടെ എണ്ണം 3,53,46,874 വരും. അതിൽ 3,30,66,322 പേരാണ് രാജ്യത്തുള്ളത്. 22,80,543 പേർ ഇന്ത്യക്കു പുറത്തും. രാജ്യത്തുള്ളവരിൽ 22,62,575 പേർ കേരളത്തിനു പുറത്താണ് താമസം. കേരളത്തിൽ താമസിക്കുന്നവർ 3,08,03,747. ആകെയുള്ള മലയാളികളിൽ 12.86% പേർ കേരളത്തിനുവെളിയിലുള്ള മറുനാടൻ മലയാളികളാണെന്നർത്ഥം. എന്നാൽ, 1901–ൽ മലയാളികളുടെ ആകെ എണ്ണം 65 ലക്ഷത്തോളം വരുമായിരുന്നു. പഴയ മദ്രാസ് പ്രസിഡൻസിയിലെ ഇന്നത്തെ കാസർഗോഡ് ജില്ല ഉൾപ്പെട്ടിരുന്ന സൗത്ത് കാനറ ജില്ലയൊഴികെ കേരളത്തിനു വെളിയിലുള്ള ആകെ മലയാളികളുടെ എണ്ണം 31,000 മാത്രമായിരുന്നു. അതിൽ ഇന്ത്യയ്ക്കു പുറത്ത് 500–ൽ താഴെ മാത്രവും. അങ്ങനെ വരുമ്പോൾ ആകെ മലയാളികളുടെ 0.5 ശതമാനത്തിൽ താഴെ മാത്രമാണ് കേരളത്തിനു പുറത്തുണ്ടായിരുന്നത്. കഴിഞ്ഞ ഒരു ശതാബ്ദത്തിനുള്ളിൽ വൻതോതിലാണ് മലയാളികളുടെ മറുനാടൻ വ്യാപനം നടന്നത്. ഈ വ്യാപനം എങ്ങനെ, എവിടെ ആരംഭിച്ചുവെന്നും അതിന്റെ ഘട്ടങ്ങളേവയെന്നും അന്വേഷണ വിധേയമാക്കുകയാണിവിടെ.

പത്തൊമ്പതാം നൂറ്റാണ്ടിൽ ശക്തി പ്രാപിച്ച പ്രതിഭാസമാണ് കുടിയേറ്റം. പലതരത്തിലുള്ള കുടിയേറ്റങ്ങളുണ്ടെങ്കിലും സാമ്പത്തിക മേന്മ കൈവരിക്കണമെന്ന ലക്ഷ്യത്തോടെ സ്വമേധയാ നടത്തുന്നവയാണ് അവയിൽ പ്രധാനം. വ്യവസായവിപ്ലവത്തോടെയാണ് അതു വ്യാപകമായിത്തീർന്നത്. വ്യവസായ വിപ്ലവത്തോടെ ആവിർഭവിച്ച നൂതനമായ തൊഴിലവസരങ്ങൾ തേടിയുള്ള പ്രവാഹത്തോടെയാണ് ആധുനിക കാലത്തെ കുടിയേറ്റം ശക്തിയാർജ്ജിച്ചത്. തൊഴിലവസരങ്ങളാണ് ആൾക്കാരെ കുടിയേറ്റത്തിന് ആകർഷിക്കുന്ന നിർണ്ണായക ഘടകം.

ആൾക്കാരെ ആകർഷിക്കാൻ ഉതകുന്ന സാഹചര്യങ്ങളെപ്പോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ്, ജനങ്ങളെ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്ന അന്തരീക്ഷവും. പ്രഭവ കേന്ദ്രങ്ങളിൽ ഇങ്ങനെയൊരു അന്തരീക്ഷം വളർന്നാൽ



മാത്രമേ കുടിയേറ്റം യാഥാർത്ഥ്യമാവുകയുള്ളു. വിദ്യാഭ്യാസം ഇതര സ്ഥലങ്ങളിലെ ജനങ്ങളുമായുള്ള സമ്പർക്കം, സഞ്ചാരം തുടങ്ങിയവയിലൂടെ ജനങ്ങളുടെ മനസ്സിൽ രൂപം കൊള്ളുന്ന ആശയങ്ങളാണ് അങ്ങനെയൊരു അന്തരീക്ഷത്തെ വളർത്തുന്നത്. അതോടെ ജീവിത നിലവാരം ഉയർത്തണമെന്ന ലക്ഷ്യത്തോടെ കുടിയേറ്റമടക്കമുള്ള നൂതന യത്നങ്ങളിലേർപ്പെടാൻ ആൾക്കാർ പ്രചോദിതരായിത്തീരുന്നു. വേറൊരു വാക്കിൽ പറഞ്ഞാൽ വികസനോന്മുഖ മനോഭാവമാണ് കുടിയേറ്റത്തിലെ നിർണ്ണായക ഘടകം. ജനസംഖ്യാ വർദ്ധന അതിന് ഊന്നൽ നൽകുകയും ചെയ്യും.

കുടിയേറ്റ സാദ്ധ്യതകളും ആഗ്രഹങ്ങളും സന്തുലിതമായാൽത്തന്നെയും ദൂരസ്ഥലങ്ങളിൽ എത്തിച്ചേരുന്നതിനാവശ്യമായ ഗാതാഗത സൗകര്യങ്ങൾ വളർന്നാൽ മാത്രമെ കുടിയേറ്റം യാഥാർത്ഥ്യമാവൂ. മുൻകാലങ്ങളിൽ കുടിയേറ്റം നന്നേ കുറഞ്ഞിരുന്നതുതന്നെ ഗതാഗത സൗകര്യങ്ങളുടെ അഭാവം കൊണ്ടു തന്നെയായിരുന്നു. ആദ്യം തീവണ്ടിയും തുടർന്നു മോട്ടോർ വാഹനങ്ങളും അതിനുശേഷം വ്യോമയാന സൗകര്യങ്ങളും നിലവിൽ വരുന്നതിനു മുൻപേ, മാസങ്ങൾ നീണ്ടു നിൽക്കുന്ന യാത്രയ്ക്കുശേഷമേ അന്യസ്ഥലങ്ങളിൽ എത്തിച്ചേരാൻ സാദ്ധ്യമായിരുന്നുള്ളു. അങ്ങനെയുള്ള അവസരങ്ങളിൽ ആരാണ് കുടിയേറ്റത്തിനു തുനിയുന്നത്. യാത്രാ സൗകര്യംപോലെ പരമപ്രധാനമാണ് വിദേശികളെ സ്വീകരിക്കാനുള്ള ആതിഥേയ രാജ്യങ്ങളുടെ സന്നദ്ധതയും. മുൻകാലങ്ങളിൽ വെള്ളക്കാരുടെ കുത്തകയായിരുന്ന രാജ്യങ്ങളിൽ അന്യരാജ്യക്കാരുടെ പ്രവേശനം തന്നെ നിഷിദ്ധമായിരുന്നതാണ്.

**കുടിയേറ്റത്തിന്റെ തുടക്കം**

നൂറ്റാണ്ടുകളായി പരിമിതമായ ആവശ്യങ്ങൾ പരിഹരിക്കുന്നതിൽ മാത്രം സംതൃപ്തരായിരുന്ന ജനവിഭാഗമായിരുന്നു മലയാളികൾ. പ്രകൃതിയുടെ കാരുണ്യം കൊണ്ട് എല്ലാ വിഭവങ്ങളും സുലഭമായിരുന്നു ഇവിടെ. ഇക്കാര്യത്തെപ്പറ്റി 1820-ൽ കേരളത്തിൽ സർവ്വെ നടത്തിയ വാർഡും കോണറും രേഖപ്പെടുത്തിയിരിക്കുന്നതു തന്നെ ഇതര ദേശങ്ങളിലെ ജനങ്ങളുടേതിലും താഴ്ന്ന തോതിൽ ഭൗതികാവശ്യങ്ങൾ ഉള്ള ഇവർക്കാവശ്യമായ വിഭവങ്ങളെല്ലാം ഇവിടെ



ഉണ്ടെന്നുമാണ് (“the wants and desires of the people are still more limited than those of other natives and with very few exception they supply themselves from their own sources”). സ്വാഭാവികമായും ഇങ്ങനെയുള്ള ഒരു ജനവിഭാഗത്തിന് അന്യദേശങ്ങളിൽ പോകാൻ ആഗ്രഹമുണ്ടാകുമെന്നു തോന്നുന്നില്ല. 1901-ലെ തിരുവിതാംകൂർ സെൻസസിൽ ഇക്കാര്യം അർത്ഥശങ്കയില്ലാതെ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: “തങ്ങളുടെ കുടുംബത്തോടൊപ്പം താമസിക്കുന്ന അവർക്ക് ആവശ്യമായ വിഭവങ്ങളെല്ലാം അവരവരുടെ വീട്ടു പരിസരത്തു ലഭ്യമായിരിക്കുന്ന സാഹചര്യത്തിൽ അന്യദേശങ്ങളിൽ കുടിയേറുന്നതിനുള്ള ആഗ്രഹം അപൂർവ്വമായേ ആവിർഭവിക്കുകയുള്ളൂ. (“They cling to their families and so long as they can eke out an existence in the vicinity of their houses the desire to go abroad rarely occurs”. വെറുതെയല്ല 19-ാം നൂറ്റാണ്ടാറ്റിൽ കരീബിയൻ ദ്വീപുകളിലും മൗറീഷ്യസിലുമൊക്കെ ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽ നിന്നും വൻതോതിൽ കുടിയേറ്റം നടന്നിരുന്ന അവസരത്തിൽ കേരളീയരിൽ ആരും തന്നെ അതിനു തയ്യാറാകാതിരുന്നത്.

എന്നാൽ, കാലം മാറുന്നതനുസരിച്ച് സാഹചര്യങ്ങളും മാറിക്കൊണ്ടിരിക്കും. ക്രമേണ കുടിയേറ്റത്തിന് അനുകൂലമായ സാഹചര്യങ്ങൾ ആവിർഭവിക്കാനും ഇടയായി. അതിനേറ്റവും പ്രധാനപ്പെട്ട പങ്കുവഹിച്ചത് വിദ്യാഭ്യാസ പുരോഗതിയാണ്. 19-ാം നൂറ്റാണ്ടിൽ തുടക്കമിട്ട ആധുനിക വിദ്യാഭ്യാസം 20-ാം നൂറ്റാണ്ടായപ്പോഴേയ്ക്കും കേരളത്തിൽ വ്യാപകമായി. വിദ്യാഭ്യാസ പുരോഗതിയോടൊപ്പം കേരളത്തിൽ നിന്ന് പലരും ഉന്നത വിദ്യാഭ്യാസത്തിനായി മദിരാശിയിലേക്കും തൃശ്ശിനാപ്പള്ളിയിലേക്കും തിരിച്ചു. കൂടാതെ പത്രങ്ങളും ഇതര മാധ്യമങ്ങളും പ്രത്യക്ഷപ്പെടാനും ഇടയായി. അതോടെ സാമ്പത്തിക മേന്മ കൈവരിക്കണമെന്ന മനോഭാവം ആവിർഭവിക്കുന്നതിനും കളമൊരുങ്ങി. മാത്രമല്ല, അഭ്യസ്തവിദ്യരുടെ ഇടയിൽ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെടുന്നതിനു വൈമനസ്യവും വ്യാപകമായിത്തീർന്നു. പകരം നൂതനമായ തൊഴിലുകളിൽ ഏർപ്പെടാൻ അവർ ഉൽസുകരായിത്തീർന്നു. 1928-ൽ നിയമിതമായ തിരുവിതാംകൂറിലെ തൊഴിലില്ലായ്മ കമ്മിറ്റിയുടെ കണക്കനുസരിച്ച് പ്രതിവർഷം 3,500 തൊഴിലവസരങ്ങളാണ് വർദ്ധിച്ചു വരേണ്ടിയിരുന്നത്. എന്നാൽ, പ്രതിവർഷം 1,360 തൊഴിലവസരങ്ങളാണ് ഇവിടെ ഉണ്ടായത്. തൽഫലമായി പ്രതിവർഷം 2,140 എന്ന തോതിൽ തൊഴിൽ രഹിതരുടെ



എണ്ണം കൂടിക്കൊണ്ടുമിരുന്നു. അതിനു പരിഹാരമായി അന്യസ്ഥലങ്ങളിൽ കുടിയേറുന്നതിനുള്ള ഒരു ശുപാർശയാണ് കമ്മിറ്റി മുൻപോട്ടുവച്ചത്.

ഏതാണ്ട് ഇതേ സമയത്തു വാണിജ്യ വിളകളുടെ വിലയിലും ഗണ്യമായ വർദ്ധനയുണ്ടായി. കയറ്റുമതിയിൽ നിന്നും വർദ്ധിച്ച തോതിൽ വരുമാനം ലഭിക്കുന്നതിനു ഇടയായി. അതോടെ മെച്ചപ്പെട്ട ജീവിത നിലവാരം കൈവരിച്ചാൽ കൊള്ളാമെന്ന ആഗ്രഹവും സാധാരണക്കാരുടെ ഇടയിൽപ്പോലും ഉടലെടുത്തു. മാത്രമല്ല, ആഡംബര വസ്തുക്കളുടെ ഉപയോഗത്തിലും വർദ്ധനവ് അനുഭവപ്പെട്ടു തുടങ്ങി. അതിനിടയിൽ സാമ്പത്തിക ശേഷിയുള്ളവർ വാണിജ്യ സ്ഥാപനങ്ങൾ, വ്യവസായ സംരംഭങ്ങൾ, ബാങ്കിംഗ് കമ്പനികൾ തുടങ്ങിയവ സ്ഥാപിച്ച് സാമ്പത്തികശേഷി വർദ്ധിപ്പിക്കുന്നതിനും മുൻപോട്ടു വരികയുണ്ടായി. കൃഷിക്കാർ പോലും വാണിജ്യവിളകളുടെ കൃഷി വ്യാപിപ്പിക്കുന്നതിനും മുൻപോട്ടു വന്നു.

ഇങ്ങനെ, സാമ്പത്തിക വികസനാനുകൂല സാഹചര്യങ്ങൾ ആവിർഭവിച്ചു കൊണ്ടിരുന്ന അവസരത്തിൽ കേരളത്തിൽ തീവണ്ടി ഗതാഗത സൗകര്യം വന്നു ചേർന്നു. 1862-ൽത്തന്നെ മദ്രാസിൽ നിന്നും കടലുണ്ടി വരെ തീവണ്ടി ഗതാഗതം തുടങ്ങിയിരുന്നതാണ്. 1907 ആയപ്പോഴേയ്ക്കും അത് മംഗലാപുരം വരെ നീട്ടുകയുണ്ടായി. 1902-ൽ ഷൊർണ്ണൂർ മുതൽ എറണാകുളം വരെയുള്ള തീവണ്ടി ഗതാഗതം സ്ഥാപിതമായി. കൂടാതെ, 1905-ൽ മധുരയിൽ നിന്നും കൊല്ലത്തേയ്ക്കും തുടർന്ന് 1918-ൽ കൊല്ലത്തു നിന്നും തിരുവന്തപുരത്തേയ്ക്കും തീവണ്ടിപ്പാത തുറന്നു. തൽഫലമായി തിരുവനന്തപുരത്തു നിന്നും മദ്രാസ് വരെ എത്തിച്ചേരാൻ ഏകദേശം 42 ദിവസം വേണ്ടിയിരുന്ന യാത്രാ സമയം വെറും ഒരു ദിവസമായി കുറയ്ക്കാനും സാദ്ധ്യമായിത്തീർന്നു. തീവണ്ടി ഗതാഗതം വന്നതോടെ മലയാളികൾക്കു മദ്രാസിൽ (ചെന്നൈ) മാത്രമല്ല, ഇന്ത്യയിലെവിടെയും എളുപ്പത്തിൽ എത്തിച്ചേരാൻ സഹായകരമായി.

ഇങ്ങനെ സാഹചര്യങ്ങൾ അനുകൂലമായതോടെ കേരളത്തിൽ നിന്നും ഇന്ത്യയുടെ ഇതര ഭാഗങ്ങളിലേയ്ക്കും വിദേശങ്ങളിലേയ്ക്കുമുള്ള മലയാളികളുടെ വ്യാപനത്തിന്റെ തുടക്കമായിയെന്നു പറയാം. മദ്രാസിലും കോളാറിലും



ബോംബെയിലും അഹമ്മദാബാദിലും ഉയർന്നു വന്ന ഫാക്ടറികളിലേക്കും വാണിജ്യ സ്ഥാപനങ്ങളിലേക്കും ധാരാളം മലയാളികൾ തൊഴിൽ ചെയ്യുന്നതിനായി എത്തിച്ചേർന്നു. 1921-ലെ സെൻസസ് അനുസരിച്ച് മലബാറിൽ നിന്നും മദ്രാസ് പ്രസിഡൻസിയുടെ വിവിധ ഭാഗങ്ങളിൽ 38,075 പേരും തിരുവിതാംകൂറിൽ നിന്നു 2,429 പേരും കൊച്ചിയിൽ നിന്നു 9,257 പേരും താമസക്കാരായിത്തീർന്നു. മാത്രമല്ല ബോംബേയിൽ മാത്രം എത്തിയ മലയാളികളുടെ എണ്ണം 1,941 ആയിരുന്നു. മാത്രമല്ല, തിരുവിതാംകൂറിൽ നിന്നും കൊച്ചിയിൽ നിന്നും മാത്രം ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽ എത്തിയവരുടെ എണ്ണം 849 ആയിരുന്നു. പഴയ മലബാർ ജില്ല മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്ന തിനാൽ മലബാറിൽ നിന്നുമുള്ള കുടിയേറ്റക്കാരുടെ പ്രത്യേക കണക്ക് ലഭ്യമല്ല.

ഇങ്ങനെ ഇന്ത്യയുടെ ഇതര ഭാഗങ്ങളിലേക്കുള്ള വ്യാപനം നടന്നു കൊണ്ടിരിരുന്ന അവസരത്തിൽ രാജ്യാന്തര വ്യാപനവും ആരംഭിച്ചിരുന്നു. അന്ന് ബ്രിട്ടീഷ് കോളനികളായിരുന്ന ബർമ്മയിലും, സിലോണിലും, മലേഷ്യയിലും ധാരാളം പേർ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും കുടിയേറിക്കൊണ്ടിരുന്നു. അതിന്റെ ചുവട് വച്ച് കുടിയേറുന്നതിനും മലയാളികളും തയ്യാറായി. തിരുവിതാം കൂറിൽ നിന്നു മാത്രം 5,386 പേരും കൊച്ചിയിൽ നിന്നും 4,321 പേരും വിദേശരാജ്യ ങ്ങളിൽ കുടിയേറുകയുണ്ടായി.

ഈ അവസരത്തിൽ പ്രത്യേകത നിറഞ്ഞ വേറൊരു കുടിയേറ്റവും നടക്കുകയുണ്ടായി. ഒന്നാം ലോകയുദ്ധത്തിനുശേഷം മെസൊപ്പൊട്ടാമിയയുടെ (ഇന്നത്തെ ഇറാഖ്) പുനരുദ്ധാരണത്തിനുവേണ്ടി 1,38,000 വിദഗ്ദ്ധ തൊഴിലാളികളെ ഇന്ത്യയിൽ നിന്നും കൊണ്ടുപോയി. ആ സമയത്തു തിരുവിതാംകൂറിൽ നിന്നു മാത്രം സ്ത്രീകളടക്കം 395 പേർ അങ്ങോട്ടുപോയി. അതേപ്പറ്റി 1921-ലെ തിരുവിതാംകൂർ സെൻസസ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതുതന്നെ "ഇവിടെ നിന്നും മെസൊപ്പൊട്ടോമിയ യിലേക്കു പോയവരുടെ എണ്ണം ചൂണ്ടിക്കാണിക്കുന്നത് സ്വൽപം ഉയർന്ന വേതനം കിട്ടുകയാണെങ്കിൽ മതമോ ജാതിയോ വംശമോ കുടിയേറ്റത്തിനു തടസ്സമാവില്ലെന്നാണ്." (If facilities are given for slightly higher remuneration than obtained in India, persons are prepared to go abroad without



allowing religion or caste or race to stand in their way is evident from the number of people who have gone from the state to Mesopotamia). അപ്പോൾ സാമ്പത്തിക മേന്മ കൈവരിക്കുന്നതിനുള്ള സാദ്ധ്യതയാണ് കുടിയേറ്റത്തിന്റെ മുഖ്യഘടകമെന്ന കാര്യത്തിൽ സംശയമില്ല.

**രാജ്യത്തിനകത്തുള്ള വ്യാപനം**

തുടർന്നുള്ള വർഷങ്ങളിൽ ഇന്ത്യക്കകത്തുള്ള വ്യാപനം തകൃതിയായി തുടർന്നു കൊണ്ടിരുന്നു. 1931 ആയപ്പോഴേക്കും 1,16,994 പേരും 1951–ൽ 3,43,098 പേരും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ എത്തിച്ചേർന്നിരുന്നു. 1931–ൽ മലയാളികൾ ആരുമില്ലാതിരുന്ന ഡൽഹിയിൽ 1951 ആയപ്പോഴേക്കും അവരുടെ എണ്ണം 9,805 ആയും 1931–ൽ 11,723 മലയാളികളുണ്ടായിരുന്ന ബോംബെയിൽ 39,848 ആയും ഉയർന്നു. കേരളത്തിന്റെ അയൽ സംസ്ഥാനങ്ങളായ മദ്രാസിലും കൂർഗിലും മൈസൂറിലും എണ്ണത്തിൽ വൻ വർദ്ധനയുണ്ടായി. ഇതര സംസ്ഥാനങ്ങളായ ബംഗാൾ, ഹൈദരാബാദ്, യുണൈറ്റഡ് പ്രോവിൻസ്, സെൻട്രൽ പ്രോവിൻസ് തുടങ്ങിയ സംസ്ഥാനങ്ങളിലും മലയാളികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു.

**വിവിധ സംസ്ഥാനങ്ങളിൽ 1931–ലും 1951–ലും എത്തിച്ചേർന്ന മലയാളികളുടെ എണ്ണം**

| പ്രസിഡൻസി/സംസ്ഥാനം | 1931–ൽ | 1951–ൽ |
|---|---|---|
| മദ്രാസ് പ്രസിഡൻസി | 67277 | 206809 |
| മൈസൂർ | 8513 | 38664 |
| കൂർഗ് | 24940 | 32681 |
| ഹൈദരാബാദ് | 270 | 5235 |
| ബോംബെ | 11723 | 39848 |
| ബംഗാൾ | 305 | 1955 |
| യുണൈറ്റഡ് പ്രോവിൻസ് | 396 | 2001 |
| സെൻട്രൽ പ്രോവിൻസ് | 349 | 2365 |
| ഡൽഹി | —— | 9805 |
| മറ്റു സംസ്ഥാനങ്ങൾ | 3221 | 3735 |
| ആകെ | 116994 | 343098 |



ഇങ്ങനെ നടന്ന വ്യാപനത്തിൽ പഴയ മലബാർ ജില്ലയിൽ നിന്നുള്ള വരായിരുന്നു ഭൂരിപക്ഷം പേരും. മലബാർ ബ്രിട്ടീഷ് ഇൻഡ്യയുടെ ഒരു ഭാഗമായിരുന്നതാണിതിന്റെ മുഖ്യകാരണം. തൽഫലമായിട്ടു തന്നെയാണ് മദ്രാസ് പ്രസിഡൻസിയിൽ ഏറ്റവും കൂടുതൽ മലയാളികളെത്തിയത്. വാസ്തവത്തിൽ 19-ാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും നിരവധി മലയാളികൾ, മദ്രാസ് നഗരത്തിലും പ്രസിഡൻസിയുടെ ഇതര ഭാഗങ്ങളിലും എത്തിച്ചേർന്നിരുന്നു. മാത്രമല്ല മലബാറിൽ നിലനിന്നിരുന്ന ചൂഷണാധിഷ്ഠിതമായ ഭൂവുടമസമ്പ്രദായം അവിടുത്തെ കർഷകരെയും കർഷകത്തൊഴിലാളികളേയെയും അതീവ ദാരിദ്ര്യ ത്തിലേയ്ക്ക് തള്ളിവിട്ടിരുന്നു. അതിൽ നിന്നും കര കയറുന്നതിനുള്ള മാർഗ്ഗമായി, മദ്രാസിലെ ഫാക്ടറികളിലും കോളാർ സ്വർണ്ണ ഖനിയിലും കാഡൂരിലെ തോട്ടങ്ങളിലും വിവിധ സ്ഥലങ്ങളിലെ റെയിൽവേ നിർമ്മാണ പ്രവർത്തനങ്ങളിലും ധാരാളം മലബാറുകാർ കുടിയേറിയിരുന്നു. കൂടാതെ മദ്രാസിലെ പെട്ടിക്കടക്കാരായും ഹോട്ടൽ ജീവനക്കാരായും ധാരാളം പേർ എത്തി.

ഇതേ സമയം തിരുവിതാംകൂറിലും കൊച്ചിയിലും അങ്ങനെ ദുരിതപൂർണ്ണമായ സ്ഥിതിവിശേഷം സംജാതമായിരുന്നില്ല. തൽഫലമായി തിരുവിതാംകൂറിൽ നിന്നും കൊച്ചിയിൽ നിന്നുമുള്ള കുടിയേറ്റക്കാർ ഉയർന്ന സാമ്പത്തിക മേന്മ ലഭിക്കണമെന്ന ലക്ഷ്യത്തോടെയാണ് കുടിയേറുന്നതിന് തയ്യാറായത്. തന്നെയുമല്ല, തിരുവിതാംകൂർകാർക്കും കൊച്ചിക്കാർക്കും മദ്രാസിലും ഇന്ത്യയുടെ ഇതര ഭാഗങ്ങളിലും സർക്കാർ ഉദ്യോഗത്തിനു അർഹതയു ണ്ടായിരുന്നില്ല. തൽഫലമായി അവിടങ്ങളിൽ നിന്നുമുള്ള കുടിയേറ്റക്കാർ താരതമ്യേന കുറവായിരുന്നു. ഈ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കുടിയേറ്റം ഗണ്യമായി വർദ്ധിച്ചത് രണ്ടാം ലോക യുദ്ധത്തോടെയാണ്. അന്ന് തിരുവിതാം കൂറിൽ നിന്നും പട്ടാളത്തിലും ഇതര പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി 1.57 ലക്ഷം പേരാണ് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സേവനമനുഷ്ഠിക്കാൻ ഇറങ്ങിത്തിരിച്ചത്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം മറുനാടൻ വ്യാപനം ശക്തിയാർജ്ജിക്കാൻ ഉതകുന്ന പല സംഭവങ്ങൾക്കും ഇന്ത്യ സാക്ഷ്യം വഹിക്കുകയുണ്ടായി. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് തിരുവിതാംകൂറിനേയും കൊച്ചിയേയും



ഇന്ത്യൻ യൂണിയനിൽ ലയിപ്പിച്ചത്. അതോടെ ഇന്ത്യയിലെവിടെയും സർക്കാരുദ്യോഗങ്ങൾ വഹിക്കുന്നതിന് തിരുവിതാംകൂറുകാരും കൊച്ചിക്കാരും അർഹരായിത്തീർന്നു. രണ്ടാമതായി സാമ്പത്തിക വികസനത്തിനായി ആരംഭിച്ച പഞ്ചവത്സര പദ്ധതികൾ ഇന്ത്യയിലുടനീളം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു കാരണമായിത്തീർന്നു. വിദ്യാഭ്യാസത്തിൽ മുൻപന്തിയിൽ നിന്നിരുന്ന മലയാളികൾക്കു ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുവാനിടയായി. ഇതിന്റെയൊക്കെ അനന്തര ഫലമെന്നോണം തൊഴിലന്വേഷകരായ മലയാളികളുടെ വ്യാപനം പൂർവ്വാധികം ശക്തിയാർജ്ജിച്ചു. 1961-ൽ ഇതര സംസ്ഥാനങ്ങളിലുണ്ടായിരുന്ന മലയാളികളുടെ എണ്ണം 9.09 ലക്ഷമായും 1991-ൽ 21.98 ലക്ഷമായും 2001-ൽ 22.06 ലക്ഷമായും ഉയരുകയുണ്ടായി. ഇന്ത്യയുടെ ഇതര ഭാഗങ്ങളിലുള്ള മറുനാടൻ മലയാളികൾ കേരള ജനതയുടെ 6.25 ശതമാനം വരും. എന്നാൽ, 1991-നു ശേഷം വ്യാപനം നേരിയ തോതിലാണ് നടന്നത് എന്നതു ശ്രദ്ധേയമാണ്. ഇതു രാജ്യാന്തര വ്യാപനം ശക്തിയാർജ്ജിച്ചതിന്റെ ഫലമാണെന്നാണ് വിദഗ്ദ്ധരുടെ അഭിപ്രായം.

ചരിത്രപരവും ഭരണപരവുമായ കാരണങ്ങളാൽ തുടക്കം മുതൽ ഏറ്റവും കൂടുതൽ മലയാളികളെ ആകർഷിച്ചിരുന്നത് തമിഴ്നാടായിരുന്നു. എന്നാൽ, 2001 ആയപ്പോഴേയ്ക്ക് 7,01,673 മലയാളികൾ താമസമുറപ്പിച്ച കർണാടകയിലാണ് ഏറ്റവും കൂടുതൽ മലയാളി വ്യാപനം നടന്നിരുന്നത്. രണ്ടാം സ്ഥാനത്തായ തമിഴ്നാട്ടിൽ 2001 ആയപ്പോഴേയ്ക്ക് 5,57,705 മലയാളികളാണ് ഉണ്ടായിരുന്നത്. മൂന്നാംസ്ഥാനം നിലനിർത്തിയ മഹാരാഷ്ട്രയിൽ 4,05,538 മലയാളികളാണ് താമസമുറപ്പിച്ചിരിക്കുന്നത്. നാലാം സ്ഥാനത്തെത്തിയ ഡൽഹിയിൽ 92,009 മലയാളികളും. ഗുജറാത്ത്, മദ്ധ്യപ്രദേശ്, ആന്ധ്രാപ്രദേശ്, രാജസ്ഥാൻ, ആൻഡമാൻ തുടങ്ങിയ സംസ്ഥാനങ്ങളിലും മലയാളി വ്യാപനം ശക്തമായി.

അന്യഭാഷക്കാരുമായി ഒത്തിണങ്ങിപ്പോകുന്നതോടൊപ്പം, ആത്മാർത്ഥമായും കാര്യക്ഷമമായും തൊഴിൽ ചെയ്യുന്നതിനുള്ള സന്നദ്ധതയാണവരുടെ വിജയ രഹസ്യം. ഇക്കാര്യത്തിൽ വെളിച്ചം വീശാൻ പര്യാപ്തമായ ഒരു പരാമർശനം 1951-ലെ മൈസൂർ സെൻസസ് റിപ്പോർട്ടിൽ കാണാവുന്നതാണ്. അതിൽ രേഖപ്പെടുത്തിയിരിക്കുന്നതു ഇപ്രകാരമാണ്. "തുളു വിഭാഗക്കാരുടെ പരിശ്രമ



ശീലവും കൊങ്കിണികളുടെ സംരംഭ മനോഭാവവും ഒത്തിണങ്ങിയ അവർ ഏതു ജോലിയും ചെയ്യാൻ സന്നദ്ധരുമാണ്. അവസരങ്ങളെവിടെയെങ്കിലും ആവിർഭവിച്ചാൽ അവയെ കണ്ടുപിടിക്കുന്നതിലും അവർ സമർത്ഥരാണ്." ("They combine the hardihood of the Tulu workers, the enterprises of the Konkanies and they are far more catholic in their choice of occupation than either. They discover opportunities everywhere and seize them by their forelock wherever they are found."വിശ്വസ്തതയോടും കാര്യക്ഷമതയോടുംകൂടി ജോലി ചെയ്യുന്ന മനോഭാവമാണ് കേരളീയരെ തങ്ങളുടെ ഓഫീസുകളിൽ നിയമിക്കാൻ ബോംബേയിലെ തൊഴിലുടമകൾ കൂടുതൽ താൽപര്യം കാണിക്കുന്നതെന്നാണ് മൈറോൽബറോൻ എന്ന ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിരിക്കുന്നത്. ("in the employment of office personnel such as typist, stenographers, accountants and clerks many employers prefer people from Kerala since it has been their experience that they are reliable and efficient office bearers)". കൃത്യനിർവ്വഹണത്തിൽ നിന്നും ഒഴിഞ്ഞുമാറി അവകാശങ്ങൾക്കുവേണ്ടി മുറവിളി കൂട്ടുന്ന കേരളത്തിലെ തൊഴിലാളികളുടെ മനോഭാവമല്ല, കേരളത്തിനു പുറത്ത് അവർ പ്രകടിപ്പിക്കുന്നതെന്ന കാര്യം ശ്രദ്ധേയമാണ്.

**സ്വാതന്ത്ര്യത്തിനും മുൻപ്**

ദൈർഘ്യമേറിയ കടൽത്തീരമുള്ള ഭൂപ്രദേശമാണ് കേരളം. പൗരാണിക കാലം മുതൽ വിദേശ വ്യാപാരികൾ കേരളത്തിലെത്തുകയും വ്യാപാരബന്ധത്തിൽ ഏർപ്പെടുകയും ചെയ്തിരുന്നതുമാണ്. തന്നെയുമല്ല യവനർ, യഹൂദർ, ക്നാനായ ക്രിസ്ത്യാനികൾ, അറബികൾ തുടങ്ങിയവർ കേരളത്തിൽ സ്ഥിരതാമസക്കാരാവുകയും ചെയ്തിട്ടുണ്ട്. യൂറോപ്യന്മാർ ആദ്യമായി ഇന്ത്യയിൽ എത്തിയതുതന്നെ 1498-ൽ വാസ്കോഡ ഗാമ കോഴിക്കോട് വന്നതോടെയാണ്. തുടർന്നു യൂറോപ്യന്മാർ കേരളത്തിൽ തുടർച്ചയായി വന്നുകൊണ്ടേയിരുന്നു.

മാത്രമല്ല, 1503-ൽ ജോസഫ് എന്ന വൈദികൻ കബ്രാളിനോടൊപ്പം നടത്തിയ യൂറോപ്പ് സന്ദർശനവും 1778 മുതൽ 1755 വരെയുള്ള വർഷങ്ങളിൽ കരിയാറ്റി മെത്രോപ്പോലീത്തായും പാറേമ്മാക്കൽ തോമാക്കത്തനാരും നടത്തിയ യൂറോപ്പ് സന്ദർശനവും ചരിത്ര പ്രസിദ്ധി നേടിയിട്ടുമുണ്ട്. എന്നാൽ,



ഇവയൊഴികെ കേരളത്തിൽ നിന്നു ആരും അന്യദേശങ്ങളിൽ കുടിയേറിയതോ അല്ലെങ്കിൽ താമസമുറപ്പിച്ചതോ ആയ ചരിത്ര പാരമ്പര്യങ്ങളൊന്നുമില്ല.

ഇതര നാടുകളിൽ കുടിയേറുന്നതിനുള്ള തടസ്സങ്ങൾ, വിദേശ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റത്തിന്റെ കാര്യത്തിൽ കൂടുതൽ ശക്തമായി നിലനിന്നിരുന്നതാണതിന്റെ കാരണം. മാത്രമല്ല, അന്യദേശങ്ങളിലെ ഭാഷ മനസ്സിലാക്കുന്നതിനുള്ള ബുദ്ധിമുട്ട്, നിയമതടസ്സങ്ങൾ, യാത്ര നടത്തുന്നതിനുള്ള പ്രയാസങ്ങൾ തുടങ്ങിയവ മലയാളികളുടെ രാജ്യാന്തര വ്യാപനത്തിനു തടസ്സം സൃഷ്ടിച്ചിരുന്നു അമേരിക്കൻ ഐക്യനാടുകൾ, ക്യാനഡ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ ഇന്ത്യാക്കാർക്കു പ്രവേശനാനുമതി വരെ ഉണ്ടായിരുന്നില്ല. തന്നെയുമല്ല തൊഴിലവസരങ്ങൾ പരിമിതമായ തോതിൽ മാത്രമാണ് ആവിർഭവിച്ചിരുന്നതും. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ മലയാളികളാരും അന്യനാടുകളിൽ കുടിയേറി താമസിക്കാൻ തയ്യാറായില്ലെന്നുള്ളതാണ് യാഥാർത്ഥ്യം.

എന്നാൽ, ഇരുപതാം നൂറ്റാണ്ടായപ്പോഴേക്കും ഇങ്ങനെയുള്ള തടസ്സങ്ങളെല്ലാം മറികടന്നു, ചെറിയ തോതിലെങ്കിലും രാജ്യാന്തര കുടിയേറ്റത്തിനു മലയാളികളും സന്നദ്ധത കാണിച്ചു തുടങ്ങിയെന്നു പറയാം. മുൻപു സൂചിപ്പിച്ചതുപോലെ ആദ്യമായി കുടിയേറ്റം നടത്തിയത് 1935 വരെ ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായിരുന്ന ബർമ്മയിലേക്കായിരുന്നു. 19-ാം നൂറ്റാണ്ടിൽ ബർമ്മ ബ്രിട്ടീഷ് ആധിപത്യത്തിന്റെ കീഴിൽ വന്നു ചേർന്നതോടെ ധാരാളം ഇന്ത്യാക്കാരും അങ്ങോട്ടു കുടിയേറിത്തുടങ്ങി. 1881 ആയപ്പോഴേക്കും 24,3123 ഇന്ത്യാക്കാർ ബർമ്മയിൽ എത്തിയിരുന്നു. അതിന്റെ ചുവടുവച്ച് കുറേ മലയാളികളും ബർമ്മയിലേക്കു തിരിക്കുകയുണ്ടായി. 1901-ലെ സെൻസസ് അനുസരിച്ച് അന്ന് 324 മലയാളികളാണ് ബർമ്മയിൽ എത്തിയിരുന്നത്. അവരുടെ എണ്ണം 1931 ആയപ്പോഴേക്കും 12218 ആയി വർദ്ധിച്ചിരുന്നു. ഈ സമയമായപ്പോഴേക്കും ഇന്ത്യാ വിരുദ്ധ മനോഭാവം ബർമ്മയിൽ ശക്തി പ്രാപിച്ചിരുന്നു. അതിനുശേഷം രണ്ടാം ലോകമഹായുദ്ധകാലത്ത് ജപ്പാൻ ബർമ്മയെ കൈവശപ്പെടുത്തിയപ്പോൾ മലയാളികളെല്ലാം തന്നെ തിരികെപ്പോരുകയാണുണ്ടായത്. കാൽ നടയായി



ആസ്സാമിലെ ഘോരവനത്തിലൂടെ വളരെ ക്ലേശിച്ചാണ് മലയാളികളേറെയും തിരിച്ചെത്തിയത്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ വളരെയേറെ മലയാളികൾ കുടിയേറിയ ഒരു രാജ്യമാണ് സിലോൺ. സിലോണിൽ ഇന്ത്യാ വിരുദ്ധ മനോഭാവവും വളർന്നിരുന്നു. മലയാളികൾ സിംഹളരുടെ തൊഴിൽ സാദ്ധ്യതകൾക്കു ഭീഷണിയാണെന്ന കാരണത്താൽ മലയാളി വിരുദ്ധ മനോഭാവവും ശക്തിപ്രാപിച്ചിരുന്നു. തുടർന്ന് മലയാളികളെല്ലാവരും തന്നെ തിരികെപ്പോരുകയാണുണ്ടായത്.

വൻതോതിൽ കുടിയേറ്റം നടത്തിയിട്ടുള്ള രണ്ടു രാജ്യങ്ങളാണ് മലേഷ്യയും സിംഗപ്പൂരും. ഇവ രണ്ടും ബ്രട്ടീഷ് ആധിപത്യത്തിൽ വന്നതോടെ ഇന്ത്യയിൽ നിന്നുമുള്ള കുടിയേറ്റവും ആരംഭിച്ചു. അങ്ങനെ 1881-ൽ 44040-ഉം 1901-ൽ 119000-ഉം 1931-ൽ 621847-ഉം ഇന്ത്യാക്കാർ ഈ രണ്ടു രാജ്യങ്ങളിലുമായി താമസ മുറപ്പിച്ചിരുന്നു. ഭൂരിപക്ഷം ഇന്ത്യാക്കാരും തമിഴ് വംശജരായിരുന്നുവെങ്കിലും മലയാളികളും അവിടെ എത്തിയിരുന്നു. അവരുടെ എണ്ണം 1921-ൽ 1719-ഉം 1947-ൽ 44339-ഉം ആയും വർദ്ധിക്കുകയുണ്ടായി. തുടക്കം മുതൽ ക്ലാർക്കുമാർ, ജൂനിയർ സൂപ്പർ വൈസർമാർ, സാങ്കേതിക തൊഴിലാളികൾ എന്നീ വിഭാഗങ്ങളിൽ ഗവൺമെന്റ് സർവ്വീസിലും സ്വകാര്യ കമ്പനികളിലുമാണ് ഭൂരിപക്ഷവും തൊഴിൽ ചെയ്തത്. ഭൂരിപക്ഷം മലയാളികളും പൗരത്വം സ്വീകരിച്ച് അവിടങ്ങളിൽ സ്ഥിരതാമസക്കാരായി തീർന്നിരിക്കുകയാണ്. ഒരു മലയാളിയായ ദേവൻ നായർ സിംഗപ്പൂരിലെ പ്രസിഡന്റായിത്തീർന്നിട്ടുണ്ട്. ഇപ്പോഴത്തെ മലേഷ്യൻ പ്രധാനമന്ത്രി മുഹാദ്ദീർ മുഹമ്മദിന്റെ മുത്തച്ഛൻ മലേഷ്യയിൽ കുടിയേറിയ ഒരു മലയാളിയാണ്.

**ഗൾഫ് മേഖല വാഗ്ദത്ത ഭൂമി**

പേർഷ്യൻ ഗൾഫ് മേഖലകളിലെ ഐക്യ അറബ് എമിറേറ്റ്സ്, ബഹറൈൻ, കുവൈറ്റ്, ഒമാൻ, ഖത്തർ, സൗദി അറേബ്യ എന്നീ രാജ്യങ്ങൾ ഇപ്പോൾ പല രാജ്യങ്ങളിൽ നിന്നും ധാരാളം ആൾക്കാരെ തൊഴിൽ ചെയ്യുന്നതിനു ആകർഷിച്ചു കൊണ്ടിരിക്കുകയാണ്. എണ്ണയുൽപ്പാദനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ഈ



രാജ്യങ്ങൾ 1970-കളിൽ ആരംഭിച്ച ബൃഹത്തായ വ്യവസായവൽക്കരണത്തിന് ആവശ്യത്തിന്  തദ്ദേശ തൊഴിലാളികളെ ലഭ്യമല്ലാതെ വന്നു ചേർന്നു. അതോടെ അന്യരാജ്യങ്ങളിലെ തൊഴിലാളികളെ അവർക്ക് ആശ്രയിക്കേണ്ടതായിത്തീർന്നു. മാത്രമല്ല, സാമ്പത്തിക പുരോഗതി കൈവരിച്ചതോടെ തദ്ദേശീയരുടെ ഇടയിൽ വളർന്നു വന്ന ഉപഭോക്തൃസംസ്കാരവും അന്യരാജ്യത്തൊഴിലാളികളുടെ സേവനം വിളിച്ചുവരുത്തിയിട്ടുണ്ടന്നു പറയാം. തൽഫലമായി ഇന്ത്യയുൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽ നിന്നും ധാരാളം തൊഴിലാളികൾ ഗൾഫ് രാജ്യങ്ങളിൽ എത്തിച്ചേരുവാനിടയായി.

മുൻപു സൂചിപ്പിച്ചതുപോലെ ഗൾഫ് മേഖലയിലേക്കുള്ള കുടിയേറ്റം ഒന്നാം ലോകയുദ്ധം അവസാനിച്ചപ്പോൾ തുടക്കമിട്ടതാണ്. തുടർന്നു പാശ്ചാത്യ രാജ്യങ്ങൾ അവിടെ സ്ഥാപിച്ച എണ്ണക്കമ്പനികളിൽ ഇന്ത്യാക്കാരും ജോലി തേടി എത്തിയിരുന്നു. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയ അവസരത്തിൽ 13777 ഇന്ത്യാക്കാർ വിവിധ പശ്ചിമേഷ്യൻ രാജ്യങ്ങളിൽ താമസക്കാരായിത്തീർന്നിരുന്നു. എന്നാൽ, 1970-കളിൽ വൻതോതിലുള്ള കുടിയേറ്റം ആരംഭിച്ചതോടെയാണ് വളരെയേറെ ഇന്ത്യാക്കാരും ഗൾഫിൽ എത്തിച്ചേർന്നത്. അവരുടെ സംഖ്യ 1978 ആയപ്പോഴേക്കും 214000 ആയി വർദ്ധിച്ചിരുന്നു.  തുടർന്ന്  അവരുടെ എണ്ണം വർദ്ധിച്ചു കൊണ്ടേയിരുന്നു. ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് ഏകദേശം 45 ലക്ഷം ഇന്ത്യാക്കാർ വിവിധ ഗൾഫ് രാജ്യങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കുടിയേറ്റം നടക്കുന്നുണ്ടെങ്കിലും കേരളത്തിൽ നിന്നാണ് ഏറ്റവും കൂടുതൽ ആൾക്കാർ കുടിയേറിക്കൊണ്ടിരിക്കുന്നത്. അതിനു പല കാരണങ്ങളും ചൂണ്ടിക്കാണിക്കാനാവും. കേരളത്തിൽ നിലനിൽക്കുന്നതൊഴിലില്ലായ്മയാണ് മുഖ്യകാരണം. കേരളവും വിവിധ അറബി രാജ്യങ്ങളുമായി നിലനിന്നിരുന്ന ചരിത്രപരവും സാംസ്കാരികവുമായ ബന്ധമാണ് വേറൊരു പ്രധാന കാരണം. കൂടാതെ ഇന്ത്യൻ നാണയത്തിന്റെ വിലയിടിവാണ് വൻതോതിലുള്ള ഈ കുടിയേറ്റത്തിന്റെ വേറൊരു മുഖ്യകാരണം. ഇന്നു ഏകദേശം 68 രൂപയാണ് ഒരു ഡോളറിന്റെ വിനിമയ നിരക്ക്. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടുന്ന അവസരത്തിൽ



അതു ഏകദേശം 3.5 രൂപ മാത്രമായിരുന്നു. അതിനുശേഷം നടന്ന വിലയിടിവിന്റെ ഫലമായി കൂടുതൽ ഉറുപ്പിക നൽകിയാലേ ഡോളറും മറ്റു വിദേശ നാണയങ്ങളും ലഭ്യമാവൂ എന്ന അവസ്ഥ വന്നുചേർന്നു. അതോടെ ഗൾഫിലെ ശമ്പളം കുറവാണെങ്കിൽത്തന്നെയും അതു വിനിമയം നടത്തുമ്പോൾ ഏകദേശം ഇരട്ടിത്തുകയാണ് കേരളത്തിൽ ലഭ്യമാവുക. എത്രമാത്രം മലയാളികളാണ് ഗൾഫ് രാജ്യങ്ങളിൽ എത്തിയിട്ടുള്ളത്. എന്നതിനെപ്പറ്റി വ്യക്തമായ കണക്കുകളൊന്നും തന്നെയില്ല. കേരള സർക്കാർ നടത്തിയ ഒരു സർവ്വേയനുസരിച്ച് 1980–ൽ 1.86 ലക്ഷം കേരളീയർ വിവിധ ഗൾഫ് രാജ്യങ്ങളിൽ കുടിയേറിയിരുന്നു. അതിനുശേഷം കുടിയേറ്റം തുടർന്നുകൊണ്ടേയിരുന്നു. 2011 ആയപ്പോഴേക്കും ഏകദേശം 20 ലക്ഷം മലയാളികൾ ഗൾഫ് രാജ്യങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ടെന്നു കണക്കാക്കിയിരിക്കുന്നു.

**വിവിധ ഗൾഫ് രാജ്യങ്ങളിലുള്ള മലയാളികൾ**

| | | |
|---|---|---|
| ഐക്യ അറബ് എമിറേറ്റ്സ് | – | 883313 |
| സൗദി അറേബ്യ | – | 574739 |
| ഒമാൻ | – | 195300 |
| ബഹറിൻ | – | 101556 |
| കുവൈറ്റ് | – | 127752 |
| ഖത്തർ | – | 148428 |
| ആകെ | – | 2031078 |

എന്നാൽ, അടുത്തകാലത്ത് ഗൾഫ് രാജ്യങ്ങൾ സ്വീകരിച്ചുവരുന്ന സ്വദേശ വൽക്കരണത്തിന്റെ ഫലമായി ഗൾഫ് മലയാളികളുടെ എണ്ണത്തിൽ ഇടിവ് വന്നിട്ടുണ്ടെന്നാണ് വസ്തുത. പല പ്രത്യേകതകളും നിറഞ്ഞതാണ് ഗൾഫിലെ കുടിയേറ്റം. ഒന്നാമതായി സ്ഥിരതാമസത്തിനുള്ള അവകാശം ലഭ്യമല്ല തന്നെ. കുടിയേറ്റക്കാർ കുറെ നാളത്തെ സേവനത്തിനുശേഷം കേരളത്തിലേയ്ക്കു തിരികെ വരേണ്ടിയിരിക്കുന്നു. രണ്ടാമതായി കുടിയേറ്റക്കാർക്കാർക്കു രാഷ്ട്രീയ അവകാശം ഇല്ലെന്നു മാത്രമല്ല, സാമൂഹ്യ-സുരക്ഷാ സംരക്ഷണത്തിനും വേണ്ടത്ര അവകാശം ലഭിക്കുന്നില്ല. മൂന്നാമതായി തദ്ദേശവാസികളുമായി സഹകരിച്ചേ ഏതെങ്കിലും ബിസിനസ്സ് നടത്താനും അവകാശമുള്ളൂ.



ഗൾഫിലെ കുടിയേറ്റം പലരീതിയിലും കേരളത്തിനു അനുഗ്രഹീതമായ ഒന്നാണ്. ഒന്നാമതായി തൊഴിലില്ലായ്മ രൂക്ഷതരമായ കേരളത്തിലെ തൊഴിൽ മേഖലയ്ക്കു ആശ്വാസം നൽകുന്നതിൽ ഒരു നല്ല പങ്കുവഹിച്ചുവരുന്നു. രണ്ടാമതായി കുടിയേറ്റക്കാർ തങ്ങളുടെ വരുമാനത്തിൽ ഒരു ഭാഗം കേരളത്തിലേയ്ക്കയച്ചു കൊണ്ടാണിരിക്കുന്നത്. ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് പ്രതിവർഷം ഏകദേശം 75000 കോടി രൂപയാണ് കേരളത്തിൽ വന്നു ചേരുന്നത്. അതു കേരളത്തിന്റെ മൊത്ത വരുമാനത്തിന്റെ 25 ശതമാനത്തിൽ കവിയും.

ഈ പണപ്രവാഹം കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ നിർണ്ണായക സ്വാധീനമാണ് ചെലുത്തി വരുന്നത്. ഗൾഫ് പണപ്രവാഹം ആരംഭിക്കുന്ന സമയത്ത് കേരളത്തിലെ പ്രതിശീർഷ വരുമാനം അഖിലേന്ത്യാ തലത്തിലും വളരെ താഴെയായിരുന്നു. എന്നാൽ, ഇന്നിപ്പോൾ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഹരിയാന ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലെയും പ്രതിശീർഷ വരുമാനത്തിലും ഉയർന്ന താണ് കേരളത്തിലേത്. വരുമാന വർദ്ധനവോടെ ദാരിദ്ര്യത്തെ തുടച്ചുമാറ്റുന്നതിനും സമ്പദ്സമൃദ്ധി കൈവരിക്കുന്നതിനും കേരളത്തിനു സാദ്ധ്യമായിട്ടുണ്ട്. മാത്രമല്ല നല്ലയിനം കെട്ടിടങ്ങൾ, വിലകൂടിയ വിമാനങ്ങൾ, നൂതനമായ ഗൃഹോപകരണങ്ങൾ എന്നിവ ഏറ്റവും കൂടുതലായി ഉപയോഗപ്പെടുത്തുന്നതും കേരളത്തിലാണ്. തന്നെയുമല്ല, ഉപഭോക്തൃ ആവശ്യങ്ങൾക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ ചെലവു നടത്തുന്ന സംസ്ഥാനം കൂടിയാണ് കേരളം. തൽഫലമായി കേരളം ഇന്നൊരു ഉപഭോക്തൃ സംസ്ഥാനമായി രൂപാന്തരപ്പെട്ടിരിക്കുകയുമാണ്.

**അമേരിക്കൻ ഐക്യനാടുകളിലെ മലയാളി സാന്നിദ്ധ്യം**

ഇന്ന് ഏറ്റവും കൂടുതൽ വിദേശ ഇന്ത്യാക്കാർ താമസമുറപ്പിച്ചിരിക്കുന്ന രാജ്യമാണ് അമേരിക്കൻ ഐക്യനാടുകൾ. എന്നാൽ 1946 വരെ ഇന്ത്യാക്കാർക്കു പൗരത്വം നിഷിദ്ധമായിരുന്ന ഒരു രാജ്യമാണ് അമേരിക്ക. അതിനുശേഷം പ്രതിവർഷം 100 ഇന്ത്യാക്കാർ എന്ന ക്വാട്ടയനുസരിച്ചാണ് പൗരത്വം നൽകിത്തുടങ്ങിയത്. 1965-നു ശേഷമാണ് ഇന്ത്യാക്കാർ വ്യാപകമായ തോതിൽ അമേരിക്കയിൽ കുടിയേറിത്തുടങ്ങിയത്. 2012-ലെ സെൻസസ് അനുസരിച്ച് 45 ലക്ഷത്തോളം ഇന്ത്യൻ വംശജരാണ് അമേരിക്കയിൽ സ്ഥിര



താമസക്കാരായിട്ടുള്ളത്. പൗരത്വവും രാഷ്ട്രീയ സ്വാതന്ത്ര്യവും അനുവദനീയമാണെന്നുള്ളതാണ് അമേരിക്കൻ കുടിയേറ്റത്തിന്റെ പ്രത്യേകത. അതോടെ രാഷ്ട്രീയരംഗത്തു തങ്ങളുടെ പ്രാഗത്ഭ്യം തെളിയിക്കാൻ ഇന്ത്യാക്കാർക്കു സാധിച്ചിട്ടുമുണ്ട്. 1956-ൽ അമേരിക്കൻ പ്രതിനിധി സഭയിൽ അംഗമായിത്തീർന്ന ദിലീപ് സിങ് സൗണ്ട് ആണ് ആദ്യമായി രാഷ്ട്രീയ രംഗത്തു പ്രശോഭിച്ച ഇന്ത്യാക്കാരൻ. അതിനുശേഷം ലൂയിസിയാന ഗവർണ്ണറായിത്തീർന്ന ബോബി ജിൻഡൽ ഇപ്പോൾ അമേരിക്കയുടെ യു.എൻ. അംബാസിഡറായ നിക്കി ഹേലി, അമേരിക്കൻ സെനറ്റിൽ അംഗമായ കമലാ ഹാരീസ് തുടങ്ങിയവരാണ് രാഷ്ട്രീയരംഗത്ത് ശോഭിക്കുന്ന ഇന്ത്യാക്കാർ. നൊബേൽ സമ്മാനാർഹരായ പല ഇന്ത്യാക്കാരും അമേരിക്കയിൽ സ്ഥിരത്താമസക്കാരായിട്ടുമുണ്ട്.

ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടുന്നതിനു മുൻപ് മലയാളികളാരും അമേരിക്കയിൽ സ്ഥിരതാമസക്കാരായിരുന്നില്ല. ഒരു മലയാളി പുരോഹിതനായിരുന്ന ഫാ. ജോൺ ചിറമേലാണ് ആദ്യമായി അമേരിക്കയിലെത്തിയതെന്നു കരുതപ്പെടുന്നു. അതിനുശേഷം 1952-ൽ ഫാ. മാത്യു തെക്കേക്കര എന്ന വൈദികനാണ് ആദ്യകാല കുടിയേറ്റക്കാരിൽ പ്രമുഖൻ. അദ്ദേഹം അമേരിക്കയിലെ നാസായിൽ പ്രതിരോധ ഉപദേഷ്ടാവ് വരെയായിത്തീർന്നു. അമേരിക്കയിലേക്കുള്ള മലയാളി പ്രവാഹം ശക്തിയാർജ്ജിച്ചത് 1965-ൽ കുടിയേറ്റ നിയമങ്ങളിൽ ഇളവ് വരുത്തിയതോടെയാണ്. 1981 ആയപ്പോഴേക്കും ഏകദേശം 35000 മലയാളികൾ അവിടെ എത്തിയിരുന്നു. അതിനുശേഷം കുടിയേറ്റം പൂർവ്വാധികം ശക്തിപ്രാപിക്കുകയുണ്ടായി. ഇപ്പോൾ ഏകദേശം ആറു ലക്ഷം മലയാളികൾ അമേരിക്കയിലുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്.

